# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 2 ലക്കം 2 പേജുകൾ 37 മേയ് 2021



## വോട്ടുപെട്ടി തുറക്കുമ്പോൾ

- കോവിഡിന്റെ സാമ്പത്തികം
- ശ്രാവൺ റാത്തോഡ് ഇനി ഓർമ്മ
- കഥകൾ
- കവിതകൾ

മുഖച്ചിത്രം: മഞ്ജു സുഭാഷ്



**മഞ്ജു സുഭാഷ്**
കവയിത്രി. സിനി സീരിയൽ ആർട്ടിസ്റ്റ്. കോൺഫെഡറേഷൻ ഓഫ് കേരള ബ്യൂട്ടിഷ്യൻ സ്റ്റേറ്റ് പ്രസിഡന്റ്. കോസ്മറ്റോളജി ടീച്ചറായിരുന്നു. ഇപ്പോൾ അഭിനയ രംഗത്ത് സജീവം. പൊതുപ്രവർത്തകയാണ്. ക്ലാസ്സിക്കൽ ഡാൻസ്, എഴുത്ത്, വായന എന്നിവയിൽ താൽപര്യം.
തൃശൂരിൽ താമസം. ഭർത്താവ്: സുഭാഷ്. ഏകമകൻ: നവനീത് കൃഷ്ണ

---

ഓഫീസ്:
**വ്യാപാരകേരളം**
(സമ്പൂർണ്ണ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
സി. ആർ. രാജൻ

ടെക്നിക്കൽ ഡയറക്ടേഴ്സ്:
ജെഫി മാത്യു ജോസ്
മിലു മേരി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
റയൻ ജോസഫ്



**നാ**ളെ (മെയ് 2ന്) ജനവിധി പരസ്യമാക്കപ്പെടും. അടുത്ത അഞ്ച് വർഷം കേരളത്തിന്റെ ഭരണാധികാരം ആർക്കെന്ന് തീർപ്പാകും. ഇരുമുന്നണികൾക്കൊപ്പം എൻഡിഎ മുന്നണിയും വിജയ കണക്കുകൾ പെരുപ്പിച്ചു കൂട്ടിയിട്ടുണ്ട്. പ്രീപോൾ സർവേകളിൽ മുൻതൂക്കം ലഭിച്ച എൽഡിഎഫ്, ഭരണത്തുടർച്ച എന്ന ആത്മവിശ്വാസത്തിലാണ്.

ഒന്നിടവിട്ട് ഭരണം ഇരുമുന്നണികൾക്കും കൈമാറുന്ന കേരളീയന്റെ മനോഭാവത്തിൽ മാറ്റമുണ്ടാകില്ല എന്ന കണക്കുകൂട്ടലിലാണ് യുഡിഎഫ്. ഇ. ശ്രീധരന്റെ വിടുവായത്തം ഒഴിവാക്കിയാൽ, ഏതാനും സീറ്റുകൾ നേടാൻ സാധിക്കുമെന്ന് എൻഡിഎയും വിശ്വസിക്കുന്നു. അതറിയാം നാളെ...

തെരഞ്ഞെടുപ്പു ഫലത്തിനേക്കാൾ കാലികപ്രാധാന്യം കൈവന്നിരിക്കുന്നത് വിനാശകാരിയായ കോവിഡിനാണ്. വർഷം ഒന്നരയായിട്ടും വാക്സിൻ എത്തിയിട്ടും, ഈ സംഹാരരൂപിണിയെ തളയ്ക്കാൻ ലോകസമൂഹത്തിനായിട്ടില്ല. ഇന്ത്യയാകട്ടെ, കോവിഡ് താഡനത്തിന്റെ പാരമ്യത്തിലും എത്തിയിരിക്കുന്നു. ഈ രണ്ട് കാലികവിഷയങ്ങളാണ്, **'സമകാലികം'** പംക്തിയിൽ പത്രപ്രവർത്തകനായ ഫ്രാങ്കോ ലൂയിസ് പങ്കുവെക്കുന്നത്.

**കോവിഡിന്റെ സാമ്പത്തിക വശങ്ങളും സമ്പദ്ഘടനക്കേറ്റ ആഘാതവും** സാമ്പത്തികവിദഗ്ധനായ രാജേഷ്കുമാർ കെ. പിള്ള തന്റെ ലേഖനത്തിൽ ചർച്ചയാക്കുന്നു. തേജശ്രീയുടെ **'റിഥം ഓഫ് ലൈഫ്'** പംക്തിയും പതിനാല് കവിതകളും അഞ്ച് കഥകളും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കോവിഡിൽ നിന്നുള്ള അതിജീവനത്തിന് പ്രിയ വായനക്കാർ, പ്രതിരോധശീലങ്ങളിൽ ശ്രദ്ധാലുക്കളാകണം എന്ന് ഓർമ്മപ്പെടുത്തുന്നു. മാസികാ കുടുംബത്തിലെ ഒരംഗത്തിനുപോലും കോവിഡ് ഏൽക്കരുത് എന്നാണാഗ്രഹം. അതിന്റെ പൂർത്തീകരണത്തിന്, പിഴവുകൾ അടച്ച്, പോരാട്ടവീര്യത്തോടെ, മുന്നോട്ടുള്ള കുതിപ്പിനായി നമുക്ക് കാത്തിരിക്കാം.

**-സി.ആർ.രാജൻ,**
എഡിറ്റർ

# കറുപ്പൻ*

## ( പണ്ഡിറ്റ് കെ.പി.കറുപ്പന് )

എനിക്കു വേണ്ട നിൻ പ്രണയകാകളി
ഇളകിമറിയുന്ന കാവ്യകല്ലോലങ്ങൾ,
എനിക്കു വേണ്ട നിൻ വിഷവിഷാദങ്ങൾ
പീലിനീർത്തിയ സാന്ധ്യഗീതങ്ങൾ,
എനിക്കൊരിക്കലും വേണ്ടേവേണ്ട നിൻ
മധുര മദനമണിപ്രവാളങ്ങൾ
എനിക്കു വേണമീ കറുപ്പനാരുടെ
കറുത്ത കവിതതൻ ചൂടും ചൂരും
എനിക്കു വേണമീ കറുപ്പനാരുടെ
കവനസൃഷ്ടിതൻ ചേലും ചേറും
എനിക്കു വേണം എനിക്കു വേണം
കറുപ്പനാരുടെ കറുത്ത കുതിരകൾ!..



**കെ.സന്തോഷ്**



***പണ്ഡിറ്റ് കെ.പി.കറുപ്പൻ ;** കവി അദ്ധ്യാപകൻ സാമൂഹ്യ പരിഷ്കർത്താവ്
ജനനം 1885 മെയ് 24ന് എറണാകുളത്തുള്ള ചേരാനല്ലൂർ. അദ്ദേഹത്തിന്റെ 'ജാതിക്കുമ്മി' എന്ന കവിത പ്രശസ്തം. 1938ൽ മരണം.

## അകത്താളുകളിൽ


### ലേഖനം/പംക്തി:

| | |
|---|---|
| ഫ്രാങ്കോ ലൂയിസ്: | പേജ് 6 |
| തേജശ്രീ: | പേജ് 12 |
| രാജേഷ്കുമാർ കെ. പിള്ള: | പേജ് 20 |

### കഥ

| | |
|---|---|
| എ.കെ.അനിൽകുമാർ: | പേജ് 5 |
| ശ്രീദേവി കെ. ലാൽ: | പേജ് 10 |
| സി.ജി.അശോകൻ: | പേജ് 16 |
| സ്മിത സ്റ്റാൻലി: | പേജ് 27 |
| പി.ബി.രമാദേവി: | പേജ് 32 |

### കവിത

| | |
|---|---|
| കെ.സന്തോഷ്: | പേജ് 3 |
| ബീന പി.ജി.: | പേജ് 4 |
| എം.കപിൽദേവ്: | പേജ് 9 |
| ഹാജറ കെ.എം: | പേജ് 15 |
| ദീപ ദിനേശ്: | പേജ് 24 |
| യഹിയ മുഹമ്മദ്: | പേജ് 25 |
| ഡോ. പി.സജീവ്കുമാർ: | പേജ് 26 |
| സെയ്തലവി വിളയൂർ: | പേജ് 29 |
| ഡോ. അജയ് നാരായണൻ: | പേജ് 30 |
| സുനിൽരാജ് സത്യ: | പേജ് 31 |
| ഉണ്ണി വാരിയത്ത്: | പേജ് 34 |
| സ്മിത പനിച്ചയം: | പേജ് 35 |
| ആർ. സജീവ്: | പേജ് 36 |
| മഞ്ജു സുഭാഷ്: | പേജ് 37 |

# പെണ്ണായിരിക്കുക എന്നത്

പെണ്ണായിരിക്കുക എന്നത്
തന്നെത്തന്നെ സ്നേഹിക്കുന്ന ഒരു
തൂവലായിത്തീരുക എന്നായിരുന്നെങ്കിൽ

ഒരു ദേഹത്തിന്റെയും ഭാരമില്ലാതെ
കാറ്റിന്റെ കയറ്റിറക്കങ്ങളിൽ മാത്രം പറന്നുയർന്ന്
ആകാശത്തിന്റെ അതിരുകൾ തൊട്ട്
മഴ മേഘങ്ങളുടെ നിറം പകർന്ന്
ആടകളുടെ ഒട്ടലില്ലാതെ നോട്ടങ്ങളുടെ കൂർപ്പില്ലാതെ
നിലം തൊടുമെന്ന പേടിയില്ലാതെ
നിറം മാറുമെന്ന നോവില്ലാതെ
കണ്ണിൽ നക്ഷത്രം പതിച്ച്
മുന്നിലേക്കു മാത്രം പറന്ന്.

മുഖത്തെ ,ദേഹത്തെ പൊതിയുന്ന
ആവരണങ്ങളെല്ലാമഴിച്ച് വെച്ച്
കാൽക്കീഴിലൊളിപ്പിച്ച തല ഉയർത്തിപ്പിടിച്ച്
തന്നെക്കാൾ വലുതുകളെയെല്ലാം മറന്ന്
മെത്തകളും മേശകളും മറന്ന്
ഉരമുള്ള വാക്കുകളുടെ പോറലേൽക്കാതെ
ഒരു ചരടിന്റെയും ഭാരമില്ലാത്ത പട്ടമായി
പറന്നു പറന്നുയർന്ന്

പെണ്ണായിരിക്കുക എന്നത്
സൂര്യനായ് തീരുന്ന ചുവന്ന
തൂവലായിരിക്കുക എന്നായിരുന്നെങ്കിൽ



ബീന.പി.ജി



# ഒരു കുറ്റാന്വേഷണ ചരിതം





എ. കെ. അനിൽകുമാർ

**നി**ന്നെ കാണാതായദിവസം രാത്രി നീ ഇവിടെ വന്നുവെന്നാണ് സാക്ഷിമൊഴികൾ.

ജംഗ്ഷനിൽ നിന്നും ഓട്ടോ പിടിച്ച് നീ ഇവിടെ വന്നതായി ഓട്ടോക്കാരൻ കൃത്യമായി മൊഴി നൽകിയിട്ടുണ്ട്. നീലച്ചായമടിച്ച ഈ വീട്ടിലെ ഗേറ്റിനു മുന്നിൽവെച്ച് നീ ഓട്ടോക്കാരനുമായി കൂലിക്കു തർക്കിച്ചത് അയാൾ പകൽവെളിച്ചംപോലെ ഓർത്തെടുത്തുവത്രെ.

രാത്രി അസമയത്ത് ഒരു പെണ്ണിന്റെ ചിരിയൊച്ചകൾ ഉറക്കത്തിലും തെളിഞ്ഞു കേട്ടുവെന്ന് അയൽക്കാരൻ. അയൽവീട്ടിലേക്കു നീണ്ട രണ്ടു പാതിരാ നോട്ടങ്ങളിൽ അത് നിന്റെ ചിരിയായിരുന്നുവെന്ന് സാക്ഷിമൊഴി കൃത്യമായി കേട്ടുറപ്പിച്ചുവത്രെ.

അവൾ പോകുന്നുവെങ്കിലത് അവന്റെ അടുത്തേക്കു തന്നെയെന്ന് നിന്റെ കെട്ടിയോനും മൊഴികൊടുത്തിട്ടുണ്ട്. രാത്രിയിലെ കിതപ്പിൻ ആഴങ്ങളിൽ നിന്റെ മനസ്സെന്നെ മന്ത്രിക്കുന്നത് അയാളുടെ വിയർപ്പു ഗ്രന്ഥികൾ വരെ

തിരിച്ചറിഞ്ഞിട്ടുണ്ടത്രെ.

അന്നു രാത്രി അടുക്കളയിലെ പാത്രങ്ങൾ നിന്നോട് കലഹിച്ചതും ശരിതന്നെ. ജാലകവിടവിലൂടെ തുള്ളിചാടിവന്ന കാറ്റിൻ കവിളത്തു നീ കുത്തി വേദനിപ്പിച്ചുവെന്നതും ശരി തന്നെ. പുറത്ത് മഴ ബാക്കിവെച്ച ഇക്കിളിച്ചൂടിൽ തവളകൾ ഇണചേരുന്ന ശബ്ദം കേട്ടു നീ പ്രാകി ചിരിച്ചതും ശരിതന്നെ.

ഒടുവിലാലസ്യത്തിൻ മയക്കത്തിലെപ്പോഴോ കണ്ടു, നീ ആയുധം പുറത്തെടുക്കുന്നതും കൈവിരലോടിച്ച് മൂർച്ച പരതുന്നതും പിന്നെപ്പതിയെയെൻ മാറിലേക്കു നീ കുനിയുന്നതും അങ്ങനെയങ്ങനെ നിത്യ മയക്കത്തിലേക്കു ഞാൻ

ആണ്ടുപോയതും.....

******

നിന്നെ കാണാതായദിവസം രാത്രി ഇവിടെയാരും വന്നിരുന്നില്ലെന്നും കേസന്വേഷണത്തിനു വന്ന നായ ജംഗ്ഷനിൽ നിന്നും നേരെ വടക്കോട്ടേക്കുള്ള ബസ്സിൽക്കയറി പോയെന്നും ഈ വീട് വർഷങ്ങളായി മാറാല തൻ നൊമ്പരത്തടവിലാണെന്നും പോലീസ് കോടതിയിൽ കൊടുത്ത കുറ്റപത്രത്തിൽ കാണുന്നുവെന്ന് രാവിലെ മുറ്റത്തുവീണ പത്രത്തിന്റെ ഉൾപ്പേജിൽനിന്നും നിന്റെ ചിരിക്കുന്ന ഫോട്ടോ എന്റെ കാതിൽ പതുക്കെപ്പറഞ്ഞു.



# കോവിഡ് വേട്ടയും വോട്ടുപെട്ടിയും



ഫ്രാങ്കോ ലൂയിസ്

**വോട്ടെണ്ണുമ്പോൾ ആരെല്ലാം പൊട്ടും. രണ്ടാം കോവിഡ് വേട്ടയ്ക്കിടയിൽ സാധാരണക്കാരന്റെ നോട്ടം വോട്ടിലേക്കല്ല, കോവിഡ് വരുത്തിവയ്ക്കാവുന്ന സ്വന്തം കോട്ടങ്ങളിലേക്കാണ്.**

അടുത്ത അഞ്ചു കൊല്ലം കേരളം ആരു ഭരിക്കും. മേയ് രണ്ടിനു ഞായറാഴ്ച വോട്ടെണ്ണുമ്പോൾ കേരളത്തിന്റെ ചരിത്രം മാത്രമല്ല കുറിയ്ക്കപ്പെടുന്നത്. അയൽ സംസ്ഥാനമായ തമഴ്നാടിന്റേയും മമതാ ദീദി പിടിച്ചടക്കിയ പശ്ചിമ ബംഗാളിന്റേയും വിധിയെഴുത്തു കൂടിയാണ്.

കേരളത്തിലെ ജനങ്ങൾ ഒരു മാസംമുമ്പ് വിധിയെഴുതിയതാണ്. വോട്ടെണ്ണൽ കേന്ദ്രങ്ങളോടനുബന്ധിച്ചുള്ള സ്ട്രോംഗ് റൂമുകളിൽ സായുധ പോലീസിന്റെ കാവലോടെ വോട്ടുയന്ത്രങ്ങൾ ഉറക്കത്തിലായിരുന്നു. ഒരു മാസത്തോളം നീണ്ട ഉറക്കത്തിനൊടുവിൽ വോട്ടുയന്ത്രങ്ങൾ തുറക്കുമ്പോൾ ഫലമെന്തായിരിക്കുമെന്നാണു നാമെല്ലാം ജിജ്ഞാസയോടെ കാത്തിരിക്കുന്നത്.

ആസാം, പുതുച്ചേരി എന്നീ സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിന്റെ ഫലവും ഇതോടനുബന്ധിച്ചു പുറത്തുവരും. മലയാളികൾക്ക് ആ ഫലങ്ങളിൽ അത്ര കൗതുകം ഉണ്ടായേക്കില്ല.

കേരളത്തിൽ വീണ്ടും എൽഡിഎഫ് ഭരണം വരുമെന്നാണ് വോട്ടെടുപ്പിനു വളരെ മുമ്പേ നടത്തിയ സർവേ ഫലങ്ങൾ പ്രവചിച്ചത്. മികച്ച ഭൂരിപക്ഷത്തോടെ ഭരണത്തുടർച്ച എന്ന ഫലപ്രവചനം പിന്നീട് എൽ

ഡിഎഫിന് ആധിപത്യമുള്ള തൂക്കുസഭ എന്ന നിലയിലായി.

കേരള കോൺഗ്രസ് മാണി ഗ്രൂപ്പും ശ്രേയാംസ്കുമാറിന്റെ നേതൃത്വത്തിലുള്ള ലോക് താന്ത്രിക് ജനതാദളും എത്തിയത് എൽഡിഎഫിനെ ശക്തിപ്പെടുത്തിയിട്ടുണ്ട്. കേരള കോൺഗ്രസ് മാത്രം ജയിക്കുന്ന ചില സീറ്റുകൾ അങ്ങനെ എൽഡിഎഫ് സീറ്റുകളാകും. ഇതു യുഡിഎഫിനു തിരിച്ചടി തന്നെ. ഏതാനും മാസങ്ങളെങ്കിലും മുഖ്യമന്ത്രിക്കസേരയിൽ ഇരിക്കണമെന്നു മോഹിച്ച നേതാവിനെ ബാർ കോഴക്കേസിൽ കുടുക്കി ചതിച്ചതിനു മകൻ നൽകുന്ന തിരിച്ചടിയാണിത്.



സാധാരണ ജനങ്ങൾക്ക് സർക്കാർ കൂടെയുണ്ടെന്നു തോന്നലുണ്ടാക്കിയതാണ് എൽഡിഎഫിന്റെ പ്രധാന നേട്ടം. കോവിഡ് അടക്കമുള്ള മാരകരോഗത്തെ നേരിടാൻ ഗംഭീരമായതെല്ലാം ചെയ്തെന്ന തോന്നലുണ്ടാക്കിയതുതന്നെ പ്രധാന വിജയം. ഈ പ്രതിസന്ധിക്കിടെ ക്ഷേമ പെൻഷനുകൾ വർധിപ്പിച്ചതും എല്ലാവർക്കും കിറ്റ് നൽകിയതും കേന്ദ്രം നൽകിയ തങ്ങളുടെ അരിയെന്ന മട്ടിൽ വിതരണം ചെയ്തതുമെല്ലാം വോട്ടർമാരെ സ്വാധീനിച്ചിട്ടുണ്ട്. പെൻഷൻ, കിറ്റ് എന്നീ വിഷയങ്ങളിൽ യുഡിഎഫ് ആരോപിച്ച 'തരികിട' ജനങ്ങൾക്കിടയിൽ ഏശിയതുമില്ല. സ്വർണക്കള്ളക്കടത്ത്, ലൈഫ് മിഷൻ ക്രമക്കേട് ആരോപണങ്ങളെല്ലാം പെൻഷന്റേയും കിറ്റിന്റേയും പൊലിമയിൽ പൊലിഞ്ഞുപോയ മട്ടാണ്.

പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല കഴിഞ്ഞ അഞ്ചുവർഷമായി കെട്ടിപ്പടുത്ത സ്വപ്നക്കോട്ടയ്ക്ക് എന്തു സംഭവിക്കും. മെട്രോമാൻ ഇ. ശ്രീധരനെ മുഖ്യമന്ത്രി സ്ഥാനാർഥിയാക്കി അവതരിപ്പിച്ച പോരാട്ടം നയിച്ച ബിജെപിക്കു നിയമസഭയിൽ നിലവിലുള്ള വിലാസംതന്നെ ഇല്ലാതാകുമോ?

## രണ്ടാം കോവിഡ്

ഇത്തരം ചർച്ചകൾക്കൊന്നും ഒരു പ്രസക്തിയും ഇല്ലാത്ത അവസ്ഥയിലൂടെയാണ് നാമെല്ലാം കടന്നു പോകുന്നത്. ആരെങ്കിലും ജയിക്കട്ടെ, ഭരിക്കട്ടെ. സ്വന്തം ജീവനും തൊഴിലും വരുമാനവും രക്ഷിക്കാൻ എന്തു ചെയ്യണമെന്ന ആകുലതയാണ് ഓരോരുത്തരേയും വേട്ടയാടുന്നത്. കോവിഡ് അത്രയും അതിവേഗത്തിലാണു പടർന്നു പിടിക്കുന്നത്. അതിശക്തമായ രണ്ടാം വ്യാപനം. ആശുപത്രികളും കോവിഡ് സെന്ററുകളും നിറഞ്ഞു. ആശുപത്രികളിൽ ഓക്സിജൻ ക്ഷാമംമൂലം അനേകം രോഗികൾ മരിച്ചു.

കോവിഡ് വ്യാപനത്തെ നേരിടാൻ വീണ്ടുമൊരു ലോക് ഡൗൺ വരുമെന്ന ഭീതിയോടെയാണ് ജനങ്ങൾ കഴിയുന്നത്. സമ്പൂർണ ലോക്ഡൗൺ ഇല്ലെങ്കിലും അതിനു സമാനമായ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി രോഗവ്യാപനം തടയാനുള്ള ശ്രമമാണു സർക്കാർ നടത്തുന്നത്. ഇനിയും സമ്പൂർണ അടച്ചിടൽ നടപ്പാക്കിയാൽ കോവിഡ് ബാധിച്ചു മരിക്കുന്നവരേക്കാൾ വലുതാകും പട്ടിണി കിടന്നു മരിക്കുന്നവരുടെ എണ്ണം. റേഷനരികൊണ്ടു മാത്രം തീരുന്നതല്ല സാധാരണക്കാരന്റെ ജീവിതം.

## വാക്സിൻ

കോവിഡ് വാക്സിൻ വിതരണം കൂടുതൽ പേരിലേക്കു വ്യാപിപ്പിക്കുമ്പോഴാണ് രോഗവ്യാപനം അതിതീവ്രമായത്. ഈ മാസം മുതൽ 18 വയസു തികഞ്ഞവർക്കും കോവിഡ് വാക്സിൻ നൽകിത്തുടങ്ങും. ആദ്യനാളുകളിൽ വാക്സിൻ സ്വീകരിക്കാൻ മടിച്ചു നിന്നവർ ഇപ്പോൾ വാക്സിനേഷൻ കേന്ദ്രങ്ങളിലേക്ക് ഇടിച്ചു കയറുകയാണ്. വാക്സിൻ ക്ഷാമവും ആരംഭിച്ചു. രാജ്യത്ത് എല്ലാ ദിവസവും 22 ലക്ഷം പേർക്കാണു വാക്സിൻ നൽകുന്നത്. ഈ നിലയിൽ വാക്സിനേഷൻ തുടർന്നാൽ ഇന്ത്യയുടെ ജനസംഖ്യയുടെ തോതനുസരിച്ച് അടുത്ത വർഷം അവസാനമായാലും കോവിഡ് പ്രതിരോധ കുത്തിവയ്പ് പൂർത്തിയാവില്ല.

**നാലു മാസം, ഇരട്ടിയായി**

കഴിഞ്ഞ നാലു മാസംകൊണ്ട് ഇന്ത്യയിൽ രോഗവ്യാപനം ഇരട്ടിയായി. ഏപ്രിൽ മാസത്തോടെയാണ് അതി തീവ്ര വ്യാപനം. ഈ വരികൾ കുറിച്ച ഏപ്രിൽ 26 ലെ കണക്കനുസരിച്ച് ഇന്ത്യയിൽ കോവിഡ് മരണം 1.95 ലക്ഷമായി ഉയർന്നു. ഇക്കഴിഞ്ഞ ജനുവരി ഒന്നിന് മരണ ഗ്രാഫ് 1.49 ലക്ഷത്തിലായിരുന്നു. നാലു മാസത്തിനകം 46,000 പേർ മരിച്ചു. അവസാന അഞ്ചു ദിവസംകൊണ്ട് 13,000 മരണം. മേയ് മാസം തുടങ്ങുമ്പോഴേക്കു ഇന്ത്യയിലെ കോവിഡ് മരണം രണ്ടു ലക്ഷം കവിയും.

ഇന്ത്യയിൽ 1.73 കോടി ജനങ്ങൾക്കു കോവിഡ് രോഗം ബാധിച്ചു. ജനുവരി ഒന്നിന് 1.03 കോടി ജനങ്ങളായിരുന്നു കോവിഡ് ബാധിതർ. നാലു മാസംകൊണ്ട് 70 ലക്ഷം പുതിയ രോഗികൾ. അവസാന അഞ്ചു ദിവസംകൊണ്ട് 17 ലക്ഷം പുതിയ രോഗികൾ. ഓരോ ദിവസവും മൂന്നര ലക്ഷം പേർ രോഗികളാകുന്നു. മേയ് മാസത്തോടെ ഇന്ത്യയിലെ കോവിഡ് രോഗബാധിതരുടെ എണ്ണം രണ്ടു കോടി കവിയും.

ലോകത്ത് കോവിഡ് വ്യാപനത്തിൽ ഇന്ത്യയാണ് ഒന്നാം സ്ഥാനത്ത്. പ്രതിദിനം മൂന്നര ലക്ഷത്തിലേറെ പേരാണു രോഗബാധിതരാകുന്നത്. 2,800 മരണവും. രോഗബാധിതരുടെ എണ്ണത്തിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ്. 3.28 കോടിയുമായി അമേരിക്കയാണ് ഒന്നാം സ്ഥാനത്ത്. മരിച്ചവരുടെ എണ്ണത്തിൽ ഇന്ത്യ മൂന്നാം സ്ഥാനത്താണ്. 5.86 ലക്ഷം പേരുടെ മരണവുമായി അമേരിക്കയാണു മുന്നിൽ. 3.90 ലക്ഷം പേരാണു ബ്രസീലിൽ മരിച്ചത്.

കേരളത്തിൽ ദിവസേന കാൽ ലക്ഷത്തിലേറെ പേർക്കാണു രോഗം പടരുന്നത്. നാലു മാസംകൊണ്ട് രോഗബാധിതരുടെ എണ്ണം ഏഴു ലക്ഷം വർധിച്ച് ഇരട്ടിയായി. 2.18 ലക്ഷം പേർ ചികിൽസയിൽ തുടരുന്നു. ഇതുവരെ 5,110 പേർ മരിക്കുകയും 14 ലക്ഷം പേർ രോഗബാധിതരാകുകയും ചെയ്തു. ജനുവരി ഒന്നിന് ചികിൽസയിൽ ഉണ്ടായിരുന്നത് 65,054 പേർ മാത്രമാണ്. അതുവരെ 3,095 മരണം. ഇതുവരെ രോഗം ബാധിച്ചവരുടെ എണ്ണം 7.65 ലക്ഷത്തിൽനിന്ന് 14.05 ലക്ഷമായി.



**വേണം, ജാഗ്രത**

രണ്ടാം വ്യാപനത്തിനു കാരണം ജാഗ്രതക്കുറവു മാത്രമാണ്. നിയമസഭാ തെരഞ്ഞെടുപ്പു പ്രചാരണത്തിന് രാഷ്ട്രീയ പ്രവർത്തകർ മാനദണ്ഡങ്ങൾ പാലിച്ചില്ലെന്ന് ആരോപിക്കുന്നവരുണ്ട്. വിവാഹം അടക്കമുള്ള ആഘോഷങ്ങളിൽ ജാഗ്രതക്കുറവുണ്ടായി. തൃശൂർ പൂരം അടക്കമുള്ളവ ചടങ്ങുമാത്രമാക്കേണ്ടിവന്നു. ആൾക്കൂട്ടങ്ങളും ആഘോഷങ്ങളും അപകടമാണെന്നാണു രോഗവ്യാപനം വീണ്ടും ഓർമിപ്പിക്കുന്നത്.

ജീവന്റെ വിലയുള്ള കരുതൽ വേണം. അകലം പാലിക്കുക, ഇടക്കിടെ കൈകൾ സോപ്പിട്ടു കഴുകുക, മാസ്ക് ധരിക്കുക. ഒരു വർഷത്തിലേറെയായുള്ള ഈ ശീലത്തെ ജീവിതത്തിൽനിന്നു വിട്ടുകളയാനാവില്ല.



# ക്വാറന്റൈൻ കുറിപ്പുകൾ (കുറുങ്കവിതകൾ)



എം.കപിൽദേവ്.

**ഒന്നാം നാൾ.**

കതക് തുറക്കും മുമ്പ് ജന്നാലയിലൂടെ
അവൾ നീട്ടിയത് സാനിട്ടൈസർ.
വാക്കുകൾ മറച്ചുവെയ്ക്കാനൊരു
മാസ്ക്ക്.
ചുംബനങ്ങൾക്കും
ആലിംഗനങ്ങൾക്കും
ഏഴ് നാൾ വിലക്കെന്ന കുറിപ്പ്............

**രണ്ടാം നാൾ.**

പഴയ പുസ്തകത്തിൽ നിന്ന്
ഒരു മയിൽപീലി.
ഓർമ്മകൾക്കപ്പുറം
ഒരു
കറുത്ത പെൺക്കുട്ടി.
അവൾ
വീണ്ടും കൊഞ്ഞനം കുത്തിയോ.........?

**മൂന്നാം നാൾ.**

ബെർത്തിൽ നിന്ന് ഒരു പാക്കറ്റ് സിഗററ്റ്.
അരക്കുപ്പി റം.
കുഞ്ഞു ഷെർലക്ക് ഹോംസുകൾ.
വലിയ ന്യായാധിപ.
കുറ്റാരോപണം.
വിചാരണ.
ശിക്ഷ വിധിക്കൽ.
വെളിച്ചത്ത്
അത്താഴം തന്ന്
ഇരുട്ടത്ത് കിടത്തുമത്രേ.............

**നാലാം നാൾ.**

ഇന്ന് തുറക്കാത്ത ജന്നാലകളുടെ ഊഴം.
അവ തുറക്കപ്പെടുന്നു.
ഒന്നിന്റെ വിടവിൽ നിന്ന്
ഒരു ചത്ത പല്ലി.
ആഹാരം
ഇറങ്ങാതിരുന്നപ്പോൾ
രണ്ട് പെഗ്ഗ് സമാശ്വാസം.........

**അഞ്ചാം നാൾ.**

ഇന്ന് ഓർമ്മകളുടെ ദിവസമാണെന്ന് ഞാൻ.
അടുപ്പത്തിരിക്കുന്നതിന്റെ കാര്യത്തിലും
ഓർമ്മ വേണമെന്ന് ഭാര്യ.
അല്ലങ്കിലിന്ന്
ഓർമ്മകളുടെ തോരൻ.
ഓർമ്മകളുടെ സാമ്പാർ.
ഓർമ്മകളുടെ മെഴുക്കുപുരട്ടി............

**ആറാം നാൾ.**

ക്ഷണിക്കാത്ത രണ്ട് അതിഥികൾ.
ഒരു കീരി.
ഒരു പാമ്പ്.
പിന്നെ കാണാമെന്ന്
കണ്ണുകൾ കൊണ്ട്
വെല്ലു വിളിച്ച്
ഒരുമീറ്റർ അകലം
പാലിച്ച് കടന്നു പോകുന്നു.
ലോക്ക് ഡൗണും
ബ്രേക്ക് ദി ചെയിനും അറിഞ്ഞു കാ
ണും..........

**ഏഴാം നാൾ.**

നിറങ്ങൾ നിഴലുകൾക്ക്
പകലുകളെ കൈമാറുന്നു
രാവുകൾ.
ഇടയിൽ
ചുവന്ന് തുടുക്കുന്ന ത്രിസന്ധ്യ.
ഒരു ദിവസം കൂടി ഇഴഞ്ഞ് നീങ്ങുന്നു ........



# കൊറോണക്കാലത്ത് –
# ഒരു ആളൊഴിഞ്ഞ വീട് പറയുന്നത്



ശ്രീദേവി കെ. ലാൽ

എട്ടുകാലികൾക്കിപ്പോൾ യഥേഷ്ടം വലകൾ നെയ്ത്, ധാരാളം ഇരകളെ പിടിക്കാനാകുന്നുണ്ട്.

മച്ചിലും ഭിത്തിയിലും വീടാകമാനം തന്നെ ഇരകൾ വിലസി നടക്കുന്നുണ്ട്.

അച്ഛനിരുന്ന കസേരയിലും, അമ്മ അന്തിക്ക് കത്തിച്ചിരുന്ന നിലവിളക്കിലും പൊടി പടർന്ന് ഒരു പരുവമായിട്ടുണ്ട്.

അമ്മ അവസാനമായി അച്ഛന് വിളമ്പിയ, അത്താഴം കഴിച്ച പാത്രം ആരോ കഴുകി കമിഴ്ത്തി വച്ചിട്ടുണ്ട്.

വീടൊഴിയുമ്പോൾ അച്ഛൻ ഉടുത്തിരുന്ന മുണ്ട് കുറച്ചുനാൾ  അവിടെത്തന്നെ കിടന്നിരുന്നു,.. അമ്മയുടേതും,. !

അവസാന ദിനങ്ങളിൽ അച്ഛന് ശ്വാസ

തടസം ഏറുമ്പോൾ അമ്മ വെള്ളം ചൂടാക്കി പിടിച്ചിരുന്ന കുപ്പി വെള്ളത്തോടൊപ്പം മൂലയിൽ തന്നെയുണ്ട്.

അത്താഴം കഴിഞ്ഞ് ഇരിക്കുന്ന നേരം അമ്മ കട്ടിലിൽ ഒന്നു കുടഞ്ഞു വിരിക്കുന്ന നേരമാണ് അച്ഛന് വീടൊഴിയേണ്ടി വന്നത്, അതു കൊണ്ടുതന്നെ പായും തലയണയും പിന്നീടാരോ കത്തിച്ചുകളഞ്ഞു,.,

കൂടെ, അവസാനമായി വീട്ടിലെത്തിയ അതിഥി- ഇറ്റലിക്കാരൻ അയൽവാസി തന്ന സമ്മാനങ്ങളും !

വാട്ടർ ടാങ്കിൽ അവസാനമായി അടിച്ചിട്ട വെള്ളം ഇപ്പോഴും അതിൽ തന്നെയുണ്ട്.. ടാപ്പുകൾ ഭദ്രമായി പൂട്ടിയിട്ടുണ്ട്.

അച്ചന്റേയും അമ്മയുടെയും യാത്ര പോകുന്ന വാസനയുള്ള തുണികൾ, വാസനയോടൊപ്പം അലമാരയിൽ തന്നെയുണ്ട്,

താക്കോൽ ആരുടെയടുത്താണാവോ..?

അച്ഛനില്ലാതെ അമ്മ എവിടെയും യാത്ര പോയിട്ടില്ലല്ലോ !

അച്ഛനെയും കൊണ്ട് തിരിച്ചുവരാൻ കഴിയും എന്നുതന്നെയാണ് പടിയിറങ്ങുമ്പോൾ അമ്മ കരുതിയിരുന്നതെന്നാണ് അമ്മ പറഞ്ഞത്,

അമ്മയില്ലാതെ അച്ഛന് എവിടെയും പോയി ശീലമില്ലലോ.. !

അമ്മയ്ക്ക് ആദ്യമായി കിട്ടിയ പെൻഷൻ എണ്ണിനോക്കി, അച്ഛൻ ചിരിച്ചു.. പിന്നെ പറഞ്ഞു, ഞാൻ പോയാലും നിനക്ക് ജീവിക്കാലോ... !

അതിൽനിന്നാണ് അച്ഛൻ പാൽക്കാരനും പത്രക്കാരനും പിന്നെ അന്തിക്കു കാണുന്ന ഭക്തി സീരിയലിനും കാശെണ്ണി കൊടുത്തത്..

ബാക്കി അച്ഛൻ എവിടെ വച്ചെന്ന് അമ്മയ്ക്ക് അറിയില്ലായിരുന്നു,

ഒരുപക്ഷെ അമ്മയുടെ അലമാരയുടെ വാസനയുള്ള തുണികൾക്കിടയിൽ എവിടെയെങ്കിലുമാകാം.., !

അതിനി അമ്മയ്ക്കെന്തിനാ?..

മുറ്റത്ത് അമ്മ നട്ട ചെടിയിൽ ആദ്യമൊക്കെ കുറേ പൂക്കൾ വിരിഞ്ഞിരുന്നു..

പിന്നെ പിന്നെ വാടികരിഞ്ഞു പോയി.. വിഷുവന്നതിനാൽ കണിക്കൊന്ന അടിമുടി പൂത്തുലഞ്ഞിട്ടുണ്ട്..

അതിനറിയില്ലല്ലോ ആളൊഴിഞ്ഞ വീട്ടിൽ വിഷുവിനെ വരവേൽക്കാൻ ഇനിയൊരിക്കലും അമ്മയോ അച്ഛനോ ആ വാതിൽ തുറന്നു വരില്ലെന്ന്.. !

വീടിനു മുകളിൽ ഒരു വിഷുപ്പക്ഷിയും ചിലയ്ക്കില്ലെന്ന്..

മുറ്റം നിറയെ കരിയിലകൾ വീണ് മൂടിയിരിക്കുന്നു.

അവസാനമായി പടിയിറങ്ങുമ്പോൾ അച്ഛൻ ഇടാറുള്ള ചെരുപ്പ് ഇടാൻ കഴിഞ്ഞില്ല,, അതിപ്പോഴും അച്ഛന്റെ കാലിന്റെ പാടുകൾ ആവശേഷിപ്പിച്ച് അവിടെ തന്നെയുണ്ട്.

അച്ഛനില്ലാത്ത വീട്ടിൽ അമ്മയ്ക്കാവില്ലെന്ന്

അമ്മ മകളോട് കട്ടായം പറഞ്ഞിട്ടുണ്ട്..,

അല്ലേലും അമ്മയെങ്ങനെ ഇനി ആ വീട്ടിൽ..?

അവസാനമായി അച്ഛനെ ഒന്നു കാണണമെന്ന് അമ്മ പറഞ്ഞെങ്കിലും ഒരു തടവുകാരിയെപോലെ അമ്മയെ ഒറ്റയ്ക്കാക്കുവാനേ കഴിഞ്ഞുള്ളൂ.

ശേഷക്രിയകളൊന്നും തന്നെയില്ലാതെ, ഏതു ശ്മശാനത്തിലേക്കാണെന്നു പോലും അറിവില്ലാതെ..

എങ്കിലും അമ്മയിപ്പോൾ ചിരിക്കുന്നതും കരയുന്നതും അച്ഛനെ നോക്കിയാണ്.. അമ്മ നടക്കുന്ന വഴികളിൽ അച്ഛൻ കൂടെത്തന്നെയുണ്ട്..,

ഇടയ്ക്കച്ചൻ പറയുന്നുണ്ട് നീ ധൈര്യമായി നടന്നോളു ഞാൻ കൂടെ തന്നെയുണ്ട്.. എങ്കിലും ആളൊഴിഞ്ഞ വീട് അച്ഛനും അമ്മയും പടിയിറങ്ങിയതറിയാതെ കാത്തുനിൽക്കുന്നുണ്ടല്ലോ..!

ഇടയ്ക്ക് കരിയിലകളിൽ പതിയുന്ന കാലൊച്ച അച്ഛന്റേതാവുമോ..?

അല്ലെങ്കിലും അച്ഛന് അമ്മയെയോ വീടിനെയോ തനിച്ചാക്കാൻ പറ്റില്ലാലോ.

●



# പാട്ടിന്റെ ശ്രാവണം മായുമ്പോൾ...

**ഹിന്ദി സംഗീതസംവിധായകൻ ശ്രാവൺ റാത്തോഡ് കോവിഡ് ബാധിതനായി മരിച്ചത് ആഴ്ചകൾക്കു മുമ്പാണ്. എസ്പിബിക്കു ശേഷം സാധാരണ സംഗീതപ്രേമികളെ അത്രമേൽ ദു:ഖിതരാക്കിയ മരണം. നദീം–ശ്രാവൺ എന്ന പേര് തൊണ്ണൂറുകൾ മുതൽ രാജ്യത്തെ സംഗീത പ്രേമികൾക്ക് ഹൃദയത്തോടു ചേർന്നുള്ളതായിരുന്നു. ശ്രാവണിന്റെ മരണശേഷം ഉയർന്ന കഥകളും അദ്ദേഹത്തിന്റെ പ്രിയപ്പെട്ടവരുടെ പ്രതികരണങ്ങളും പലരും അറിഞ്ഞില്ല...**




**തേജശ്രീ**

രാത്രി എട്ടരയാണ് സമയം. സംഗീതസംവിധായകൻ ശ്രാവൺ റാത്തോഡ് മുംബൈയിലെ മാഹിമിലുള്ള റഹേജ ആശുപത്രിയിൽ മരിച്ചു. അതിനു 48 മണിക്കൂർ മുമ്പു മുതൽ അദ്ദേഹം വെന്റിലേറ്ററിന്റെ സഹായത്തോടെയാണ് ജീവിച്ചിരുന്നത്. ഡോക്ടർമാരുടെ സംഘത്തിന്റെ കഠിന പ്രയത്നത്തിനും അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാനായില്ല. കോവിഡ് അത്രയ്ക്കു പിടിമുറുക്കിയിരുന്നു.

മരണശേഷം ഒരു കഥ വന്നു. ശ്രാവണിന്റെ മൃതദേഹം ആശുപത്രിക്കാർ വിട്ടുകൊടുക്കുന്നില്ല. ബില്ലടയ്ക്കാൻ വന്ന കാലതാമസം മൂലമായിരുന്നു ഇതെന്നാണ് പലരും പറഞ്ഞു വികസിച്ച കഥയിൽ കേട്ടത്. ശ്രാവണിന്റെ കുടുംബത്തിനും ആശുപത്രി അധികൃതർക്കും ഇതു വലിയ മാനസിക വിഷമമുണ്ടാക്കി. എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചതെന്നു ശ്രാവണിന്റെ ഉറ്റ സുഹൃത്തും ഗാനരചയിതാവുമായ സമീർ അൻ

ജാൻ പറയുന്നു.

'യാതൊരു അടിസ്ഥാനവുമില്ലാത്ത ഇത്തരം കഥകൾ ഇതുപോലൊരു സങ്കടകാലത്ത് കേൾക്കേണ്ടിവന്നത് എന്തൊരു നിയോഗമാണ്. ശ്രാവണിന്റെ മൂത്ത മകൻ സൻജീവുമായി ഞാൻ സംസാരിച്ചിരുന്നു. മെഡിക്കൽ ക്ലെയിം വിഭാഗത്തിൽ പേപ്പറുകൾ തയാറാക്കുന്നതിന് അല്പം കാലതാമസം വന്നു എന്നതു മാത്രമാണ് ഇതിലുള്ള സത്യം. ശ്രാവണിന്റെ ഭാര്യയും സൻജീവും കോവിഡ് പോസിറ്റീവ് ആയി ഐസൊലേഷനിലായിരുന്നു. അതുകൊണ്ടുതന്നെ രേഖകൾ തയാറാക്കാൻ സ്വാഭാവികമായും വൈകി. അതല്ലാതെ ഒരു സാമ്പത്തിക പ്രതിസന്ധിയും ഉണ്ടായിരുന്നില്ല. രേഖകൾ തയാറായതോടെ മറ്റു നടപടികൾ ഉടൻ നടക്കുകയും ചെയ്തു'.

## വലിയ നഷ്ടം

സൂപ്പർ സ്പ്രെഡർ ഇവന്റ് എന്നു വിശേഷിപ്പിക്കപ്പെടുന്ന കുംഭമേളയിൽ പങ്കെടുത്തു തിരിച്ചുവന്നശേഷമാണ് ശ്രാവണിനും ഭാര്യയ്ക്കും കോവിഡ് സ്ഥിരീകരിച്ചത്. രോഗബാധ 66കാരനായ അദ്ദേഹത്തിന്റെ ആന്തരികാവയവങ്ങളെ എല്ലാം തകർത്തു.

സുഹൃത്തുക്കളെയും സംഗീതപ്രേമികളെയും ഒരുപോലെ ഉലച്ചുകളഞ്ഞ മരണം. ആഷിഖി എന്ന പടുകൂറ്റൻ സംഗീത ഹിറ്റ് മുതൽ ഹിന്ദി സിനിമാഗാനലോകത്തെ ഏറെക്കാലം കൈവെള്ളയിൽ കൊണ്ടുനടന്നവരാണ് നദീം-ശ്രാവൺ ദ്വയം. സുന്ദരഗാനങ്ങളാൽ തൊട്ടതെല്ലാം ഹിറ്റുകളാക്കിയവർ. അവരുടെ പാട്ടുകൾ കേട്ടുകേട്ട് മൂളിനടന്നവർക്കുപോലും സ്വന്തമൊരാൾ നഷ്ടമായതുപോലെ തോന്നുമ്പോൾ സുഹൃത്തുക്കളുടെ കാര്യം പറയാനില്ലല്ലോ. സമീറായിരുന്നു ശ്രാവണിന്റെ ഏറ്റവും അടുത്ത സുഹൃത്ത്. ജീവിതം എന്തൊക്കെയാണ് നമുക്കുവേണ്ടി കാത്തുവയ്ക്കുന്നതെന്ന് ആർക്കറിയാം. ഞാൻ പകുതിയായി മുറിഞ്ഞപോലെ എനിക്കു തോന്നുന്നു. മിക്കവാറും എല്ലാ പ്രഭാതങ്ങളും സായാഹ്നങ്ങളും ശ്രാവണിനൊപ്പമാണ് ഞാൻ ചെലവഴിച്ചിരുന്നത്- സമീർ പറയുന്നു. ഭാര്യയ്ക്കും മകനും അവസാനമായി ഒരുനോക്കു കാണാൻപോലും കഴിഞ്ഞില്ല. അവസാന നിമിഷങ്ങളിൽ നിങ്ങളുടെ പ്രിയപ്പെട്ടവരാരും ഒപ്പമില്ല എന്നതിൽ കവിഞ്ഞ എന്തു ദുരന്തമാണുള്ളത്- സമീർ ചോദിക്കുന്നു.

ശ്രാവണിന്റെ മകൻ സൻജീവ് റാത്തോഡ് സംഗീത സംവിധായകൻകൂടിയാണ്. അച്ഛന്റെ അന്തിമ സംസ്കാര ചടങ്ങുകളുടെ വീഡിയോ കണ്ടു കരയാനായിരുന്നു അദ്ദേഹത്തിന്റെ വിധി. ഹരിദ്വാറിൽനിന്നു മടങ്ങിവന്നശേഷം അച്ഛന് കടുത്ത ക്ഷീണമുണ്ടായിരുന്നു. ശ്വാസമെടുക്കാനും ബുദ്ധിമുട്ടുവന്നു. ആശുപത്രിയിൽ പ്രവേശിപ്പിച്ചു കോവിഡ് ടെസ്റ്റ് ചെയ്തതോടെ രോഗബാധ സ്ഥിരീകരിച്ചു. പതിയെ അദ്ദേഹത്തിന്റെ അവയവങ്ങൾ പരാജയപ്പെട്ടുതുടങ്ങി, അതു മരണത്തിൽ കലാശിക്കുകയും ചെയ്തു- സൻജീവ് പറഞ്ഞു.

കുംഭമേളയിൽ പങ്കെടുത്തതുകൊണ്ടാണ് അദ്ദേഹത്തിനു കോവിഡ് വന്നതെന്നു ഞങ്ങൾക്കു പറയാനാവില്ല. അത് എവിടെയും സംഭവിക്കാമായിരുന്നു. കഴിഞ്ഞ ആറുമാസമായി അദ്ദേഹത്തിന് ചില ആരോഗ്യപ്രശ്നങ്ങളുണ്ടായിരുന്നു. മരുന്നുകളും കഴിച്ചിരുന്നു. കോവിഡ് കാലമായതിനാൽ ആശുപത്രിയിൽ പോകാൻ അദ്ദേഹത്തിനു താത്പര്യമില്ലായിരുന്നു. മരുന്നുകൾകൊണ്ട് ഭേദപ്പെടുകയും ചെയ്തതാണ്. ഹരിദ്വാർ, ജമ്മു, ബദരീനാഥ് എന്നിവിടങ്ങും ചാർധാമും അദ്ദേഹം സന്ദർശിച്ചു. യാത്രകൾ ഒഴിവാക്കാൻ ഞങ്ങൾ പറഞ്ഞപ്പോൾ, മകനേ, എനിക്ക് ഇത്ര സമയമേയുള്ളൂ.. എനിക്കിത് ശുഭാപ്തിവിശ്വാസത്തോടെ എടുക്കണം എന്നായിരുന്നു അച്ഛന്റെ മറുപടി. കുംഭമേളയിൽ അദ്ദേഹത്തിനു പങ്കെടുക്കാനായി എന്നത് അനുഗ്രഹമായിത്തന്നെ കാണുന്നു. എന്റെ സഹോദരനാണ് അച്ഛന്റെ അന്ത്യയാത്രയ്ക്കുള്ള കാര്യങ്ങൾ ഒരുക്കിയത്. ചടങ്ങുകളെല്ലാം അവൻ റെക്കോർഡ് ചെയ്യും. അമ്മയും ഞാനുമത് കാണും- സൻജീവിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു.

അച്ഛനും ഞാനും അടക്കം എല്ലാവരും തുണി മാസ്കുകളാണ് ധരിക്കാറുള്ളത്. ഇപ്പോൾ എനിക്ക് എൻ95 അല്ലെങ്കിൽ സർജിക്കൽ മാസ്കിന്റെ പ്രാധാന്യം മനസിലായി. എല്ലാവരും സുരക്ഷ ഉറപ്പാക്കുന്ന തരത്തിലുള്ള മാസ്കുകൾ ധരിക്കണം- സൻജീവ് കൂട്ടിച്ചേർത്തു.

## സാനുവും ഉദിത്തും

നദീം-ശ്രാവൺ ദ്വയത്തിന്റെ പാട്ടുകളിലൂടെ വളർന്നുവന്ന രണ്ടു പ്രമുഖ ഗായകരാണ് കുമാർ സാനുവും ഉദിത് നാരായണും.

90കളിലെ മിന്നുന്ന താരമായി കുമാർ സാ

നു ഉയർന്നത് നദീം- ശ്രാവൺ സംഗീതം നൽകിയ ആഷിഖി എന്ന ഒറ്റ സിനിമയിലെ പാട്ടുകളിലൂടെയാണ്. ദശലക്ഷക്കണക്കിനു കോപ്പികൾ വിറ്റഴിഞ്ഞ കാസറ്റ്. ടി-സീരീസ് എന്ന കമ്പനിയുടെ തലവിധി നിർണയിച്ച പാട്ടുകൾ. ആഷിഖിയിലെ ഗാനങ്ങൾ ഇന്നും തലമുറകൾ ഏറ്റു പാടുന്നുണ്ട്.

ശ്രാവൺജി ഇപ്പോൾ നമ്മോടൊപ്പമില്ലെന്ന് എനിക്കിനിയും വിശ്വസിക്കാൻ കഴിഞ്ഞിട്ടില്ല- കുമാർ സാനു പറഞ്ഞു. വളരെ നീണ്ടകാലത്തെ ബന്ധമാണ്. ജീവിതത്തിലെ ഒരു പ്രധാന ഭാഗമാണ് ശ്രാവൺജി. റെക്കോർഡിംഗ് സമയത്തെല്ലാം അദ്ദേഹം മുന്നോട്ടുവന്ന് വ്യക്തിപരമായി നിർദേശങ്ങൾ നൽകും, പ്രത്യേകിച്ച് പാട്ടുകളിലെ ക്ലാസിക്കൽ ഭാഗങ്ങളെക്കുറിച്ച്. അദ്ദേഹം പറഞ്ഞുതരുന്നതെല്ലാം ഞാൻ പാട്ടുകളിൽ ഉൾപ്പെടുത്തി. എന്റെ എല്ലാ പാട്ടുകളിലും അദ്ദേഹത്തിന്റെ സംഭാവനകളുണ്ട്. എന്നെ ടൈഗർ എന്നാണ് വിളിക്കുക പതിവ്. അദ്ദേഹത്തെ എല്ലാക്കാലവും ഓർമിക്കും. ഇതൊരു ദുരിതകാലമാണ്, കേൾക്കുന്നതെല്ലാം ദു:ഖവാർത്തകളുമാണ്. അദ്ദേഹത്തിന് ദൈവം ആത്മശാന്തി നൽകട്ടെ- സാനു പറഞ്ഞു.

സോച്ചേംഗെ തുമ്ഹെ പ്യാർ, ഏസീ ദിവാൻഗി, പായലിയാ (ദീവാനാ), മേരാ ദിൽ ഭി കിത്നാ പാഗൽ (സാജൻ), കിത്നാ ഹസീൻ ചെഹരാ (ദിൽവാലേ) തുടങ്ങിയ പാട്ടുകളും നദീം-ശ്രാവണിന്റെ ഈണങ്ങളിൽ കുമാർ സാനു പാടി സൂപ്പർ ഹിറ്റുകളായവയാണ്.

ആഷിഖിയിലെ ഒരു പാട്ട് കുമാർ സാനുവല്ല, ഉദിത് നാരായൺ ആണു പാടിയിരിക്കുന്നത്. അതിന്റെ ഭംഗിയും ഒന്നുവേറെ- മേരാ ദിൽ തേരേ ലിയേ.. രാസ്, ബേവഫാ, കസൂർ തുടങ്ങിയ ചിത്രങ്ങളിലും ഉദിതിന്റെ പട്ടുപോലുള്ള സ്വരം ശ്രാവൺ ഉപയോഗപ്പെടുത്തി. ഞാൻ കുംഭമേളയിൽ പങ്കെടുത്ത് ഒരു പുണ്യസ്നാനം നടത്താൻ വന്നതാണ് എന്നുപറഞ്ഞ് അവിടെനിന്ന് തന്നെ ഫോണിൽ വിളിച്ചിരുന്നതായി ഉദിത് നാരായൺ പറയുന്നു. മുമ്പു പറഞ്ഞിരുന്നെങ്കിൽ ഞാനും വരുമായിരുന്നു എന്നു ഞാൻ തിരിച്ചു പറഞ്ഞു. എന്നാൽ ഫോൺ വച്ചശേഷം എന്റെ മനസിൽ വന്നത് മറ്റൊരു ചിന്തയാണ്.



**കുമാർ സാനുവും ഉദിത് നാരായണും.**

ഈ പകർച്ചവ്യാധിയുടെ കാലത്ത് അദ്ദേഹം എന്തിനാണ് കുംഭമേളയിൽ പങ്കെടുക്കാൻ പോയത്. അദ്ദേഹത്തിന് അല്ലെങ്കിൽതന്നെ ആരോഗ്യപ്രശ്നങ്ങളുണ്ട്. എന്നിട്ടും അവിടെപ്പോയി.. ആരു പറയുന്നതും അദ്ദേഹം കേൾക്കാറില്ല. ഇപ്പോൾ അദ്ദേഹം അവസാനയാത്രപോയിരിക്കുന്നു. ആത്മാവിനു ശാന്തി ലഭിക്കട്ടെ..

ഇപ്പോഴും വിശ്വസിക്കാനാവുന്നില്ല. ഇത്രയ്ക്കു സ്നേഹമുള്ള ഒരു മനുഷ്യൻ, അവർ (നദീമും ശ്രാവണും) 90കളിൽ മ്യൂസിക് ഇൻഡസ്ട്രിയിലെ രാജാക്കന്മാരായിരുന്നു. ഒന്നിനൊന്നു മികച്ച പാട്ടുകൾ എനിക്കു നൽകി. ഒപ്പം നിറയെ സ്നേഹവും നൽകി. സഹോദരനെപ്പോലെയായിരുന്നു ശ്രാവൺ ഭായിക്കു ഞാൻ. എനിക്ക് എന്തെങ്കിലും പ്രയാസങ്ങളുണ്ടെങ്കിൽ വിളിച്ചു ചോദിക്കും- എന്താണ് പ്രശ്നം, എന്നോടു പറയൂ, ഞാൻ നിന്റെ മൂത്ത സഹോദരനാണ്... ഇത്രയും സ്നേഹംതന്നയാളാണ് വിട്ടുപോയത്. കറുത്ത കാലമാണ്... അദ്ദേഹം പോയി.. - ഉദിത് നാരായൺ ഓർമിച്ചു.

അതെ, കറുത്ത കാലമാണ്. പരമാവധി, വീണ്ടും പരമാവധി കരുതലോടെ ഇരിക്കുക എന്നതു മാത്രമേ നമുക്കു ചെയ്യാനുള്ളൂ. പാട്ടുകൾ ഈ ഇരുണ്ട സമയത്തിൽ വെളിച്ചമാകട്ടെ എന്നാശിക്കാം...

# അങ്ങനെ നീയും



അതുവരെ ഉള്ളിൽപ്പൊതിഞ്ഞു വച്ച
മോഹങ്ങളെല്ലാം കൂടി
കഴുത്തുഞെരിച്ചു കൊല്ലാൻ
തുടങ്ങിയ
ഒരു വൈകുന്നേരമായിരുന്നു
നിന്നെ ഞാൻകാണാൻ  പുറപ്പെട്ടത്

അത്ര വേഗത്തിലെത്താൻ ഞാൻ ഓടുകയാ
യിരുന്നു

അന്ന് കരളു കൈമാറുന്നേരം ചിരിച്ചു ചു
വപ്പിച്ച  മഴ നിലാവ്
ഒപ്പമുണ്ടായിരുന്നു

കാറ്റു മണത്തെത്തിയൊരു മഞ്ഞവെയിൽ
പ്പാളിയുടെ അപ്പുറത്തിരുന്ന് ആരും കാണാ
തെ നീ തന്ന
ചുംബന ച്ചാർത്ത്
ഓട്ടത്തിലെല്ലാം ഒന്നൂടെ ഓർമപ്പെടുന്നുണ്ടാ
യിരുന്നു

നീ കല്ലെന്നു പറഞ്ഞ ഹൃദയവും
ഒന്നു മിനുക്കി
എടുത്തിട്ടുണ്ടായിരുന്നു

നീ കടിച്ചു മുറിച്ചുതിന്നിട്ടു പാതി തന്നിരു
ന്ന തത്തച്ചുണ്ടന്റെ
മാങ്ങാണ്ടികളൊക്കെ മുളച്ച് നമുക്കുണ്ടാവേ
ണ്ടിയിരുന്ന മക്കളോളം വലുതായത്
ഓട്ടത്തിനിടയിലും
അസൂയയോടെ   ഒളികണ്ണിട്ട് നോക്കി..

നിന്റെ മതിലിനടുത്തെത്തി

നിന്റെ കൈ കവരുന്നതും
നിന്റെ കണ്ണുകളിൽ ഇത്രനാളും
കാത്തു വച്ച എന്നെ കണ്ടെടുക്കുന്നതും നാ
ണത്തോടെ
ഓർത്തുകൊണ്ട്
ഞാനങ്ങനെ നിൽക്കെയാണ്

നിന്റെ ആത്മാവിന്റെ മണമുള്ള
ഒരു തീപ്പുക എന്നെയൊന്നു
തൊട്ടുണർത്തി മറഞ്ഞത്



ഹാജറ കെ. എം

മരിക്കുവോളം നീ കാണണമെന്നു
പറഞ്ഞിട്ടും
നിന്നെ തോൽപിച്ച്
നിന്റെ ചാരപ്പുക വാരാനായിവന്ന
എന്നെ
ഞാനിനി
എന്താ ചെയ്യേണ്ടത്?

പണ്ടൊരുനാൾ തൊട്ട് ഇന്നുവരെ
എന്റെയുള്ളിലെ പേരറിയാത്തൊരു
ദു:ഖമേ...

നീയില്ലാത്ത ഞാൻ പണ്ടേ
മരിച്ചു പോയതല്ലേ,,
എന്നിട്ടും
എന്റെകണ്ണുകളിലെന്തെ വീണ്ടുമൊരു
മഴയൊഴുക്ക്,,,,?



സി.ജി.അശോകൻ



# അവസ്ഥാന്തരം

യോഗം കഴിഞ്ഞു പോകാൻ നേരമാണു ഗൗരി പറഞ്ഞത് .' വിജയാ .. നമുക്ക് മുകുന്ദൻ സാറിനെയൊന്ന് കണ്ടിട്ടു പോകാം. ഇവിടെ അടുത്താ വീട്'

മുകുന്ദൻസാർ സുഖമില്ലാതെ കിടക്കുകയാണെന്നറിഞ്ഞിരുന്നു. അസുഖത്തിന്റെ മുഴുവൻ വിവരവും

മനസ്സിലാക്കിയിരുന്നില്ല. വിവരമറിഞ്ഞപ്പോൾ തന്നെ പോകണമെന്ന് കരുതിയതാണ് .. ഓരോരോ പ്രശ്നങ്ങൾ കാരണം പോക്ക് നീണ്ടു.

' ഗൗരി വീടറിയുമോ?'

'ഇപ്പോൾ താമസിക്കുന്ന വീട്ടിലേക്ക് പോയിട്ടില്ല ... പക്ഷെ ,ഏകദേശം ലൊക്കേഷനറിയാം .നമുക്ക് ചോദിച്ചു പോകാം .ഇവിടുന്ന് ഓട്ടോ കിട്ടും..'

പുറത്തിറങ്ങി .സമയം നാലാകുന്നതേയുള്ളൂ .. ചൂടിന്റെ തീഷ്ണതയ്ക്ക് ഒരു കുറവും ഇല്ല .ഇത്തവണ പാലക്കാട് മാത്രമല്ല തൃശൂരും

ചൂടു കൂടുമെന്നാണ് കാലാവസ്ഥ നിരീക്ഷകരുടെ പ്രവചനം .. ഓട്ടൊസ്റ്റാന്റിലേക്ക് നടക്കുമ്പോൾ കുട നിവർത്തേണ്ടി വന്നു. അറ്റാക്കു വന്നതിന്റെ ചികിത്സക്കു ശേഷം കുറച്ചു നേരം വെയിൽ കൊള്ളുമ്പോഴേയ്ക്കും വല്ലാത്ത തളർച്ച തോന്നുന്നു.പിന്നെ പ്രായവും ഇത്രയായില്ലേ? ഒരേ പ്രായമാണെങ്കിലും ഗൗരിയ്ക്ക് അത്ര ക്ഷീണം തോന്നുന്നില്ല. ഇപ്പോഴും നല്ല ചുറുചുറുക്ക്.

'ഒന്നു വേഗം വാ വിജയാ .. ഓട്ടോയിൽ അവിടെ ചെന്നാലും തിരിച്ച് നമ്മൾ വീട്ടിലെത്തുമ്പോൾ വൈകും'

ഗൗരിയുടെ ഒപ്പമെത്താൻ നടത്തത്തിന്റെ വേഗത കുട്ടി ..

ഓട്ടോയിൽ കയറി ഇരുന്നതിനു ശേഷം

ഗൗരിയാണ് സ്ഥലപ്പേര് പറഞ്ഞത്.

ഓട്ടൊ സ്റ്റാർട്ട് ചെയ്യുമ്പോൾ ഡ്രൈവർ തിരിഞ്ഞു നോക്കാതെ ചോദിച്ചു..

' മുകുന്ദൻ സാറിന്റെ വീട്ടിലേക്കാവും അല്ലേ? '

'അതെ എങ്ങിനെ മനസ്സിലായി?'

' പലരും വന്നു പോകുന്നുണ്ട് .. മുടക്കു ദിവസമാണ് കൂടുതലും .. ഇന്ന് മക്കൾ ജോലിക്ക് പോയിട്ടുണ്ടാകും'

വലിയൊരു ഗേറ്റിന് മുൻപിലാണ് ഓട്ടൊ ചെന്ന് നിന്നത് .

പൈസ വാങ്ങിക്കുമ്പോൾ ഡ്രൈവർ പറഞ്ഞു .' നേരെ അകത്തേക്ക് പൊക്കോളൂ.. കുട്ടികൾ കാണും'

ടൈൽസ് വിരിച്ച മുറ്റം .കാർപോർച്ച് ..ആധുനിക സൗകര്യങ്ങൾ ഒത്തിണങ്ങിയ വലിയ ഇരുനില വീട് ..

ഗേറ്റ് തുറന്ന് അകത്തേക്ക് കടന്നപ്പോൾ മുറ്റത്ത് കളിച്ചുകൊണ്ടിരുന്ന രണ്ടു

കൗമാരക്കുരുന്നുകളെ കണ്ടു.

ഞങ്ങളെ കണ്ടതും

'ഡാഡീം മമ്മീം ഓഫീസ്സിൽ പോയിരിക്യാ .. മുത്തച്ഛനെ കാണാനാവുല്ലേ?'

അതെയെന്ന് തലയാട്ടി .

'മുത്തച്ഛൻ അവിടെയാ കെടക്കണെതു് ..

ഞങ്ങൾ കാണിച്ചു തരാം .. '

കളി നിർത്തി അവർ കൂടെ പോന്നു.

സിറ്റൗട്ടും ഡോയിംഗ് റൂമും കടന്ന് അടച്ചിട്ട

ഒരു മുറി ചൂണ്ടിക്കാണിച്ചു അവർ പറഞ്ഞു

'മുത്തച്ഛൻ ഈ മുറിയിലാണ് .നഴ്സമ്മ അകത്തുണ്ട് വിളിച്ചാൽ മതി .വാതിൽ തുറക്കും'

അവർ വീണ്ടും കളികളിലേക്ക് മടങ്ങി .ഞാൻ

ഗൗരിയുടെ മുഖത്തേക്ക് നോക്കി .പിന്നെ വാതിലിൽ തട്ടി ...അനക്കമില്ല. ശക്തമായി വീണ്ടും തട്ടി വിളിച്ചു. അകത്തു ചെറിയ അനക്കങ്ങൾ .താഴുനീങ്ങുന്ന ശബ്ദം .പിന്നെ ഒരു ചെറിയ ഞരക്കത്തോടെ വാതിൽ തുറന്നു.. മുന്നിൽ അണിഞ്ഞൊരുങ്ങിയ ചെറുപ്പം വിട്ടിട്ടില്ലാത്ത ഒരു മധ്യവയ്സ്ക .

'സാറിനെ കാണാനാവും അല്ലേ? .. വരൂ ..'

അവൾ അകത്തേക്ക് ക്ഷണിച്ചു. വലിയ ഒരു കിടപ്പുമുറി.ചുമരിനോട് ചേർന്നുള്ള കട്ടിലിൽ തോളറ്റം പുതച്ചുമൂടി മുകുന്ദൻ സാർ കിടക്കുന്നു. അടുത്തു ചെന്നു നോക്കി.

'ഇവിടെ ഇരുന്നോളൂ'ഹോം നഴ്സ് ഒരു കസേര നീക്കിയിട്ടു.

കണ്ണുകൾ അലക്ഷ്യമായി തട്ടിലേക്ക് നോക്കി ചുണ്ടിൽ ചിരിയുമായി കിടക്കുകയാണ് സാർ.മുഖത്തു കിടപ്പുരോഗിയുടേതായ ക്ഷീണഭാവം കാണാൻ കഴിഞ്ഞില്ല .എന്റെയും ഗൗരിയുടേയും അന്വോഷണഭാവ

ത്തിന് മറുപടിയായി നഴ്സ് പറഞ്ഞു ..

'സാറിന് ബ്രെയിൻസ്ട്രോക്ക് വന്നതാണ് .. മെമ്മറി പൂർണ്ണമായും പോയി. ഇപ്പോ ലെഫ്‌ട് പോർഷൻ അനക്കാൻ കഴിയില്ല:. ആരെയും അറിയില്ല .വെറുതെ ചിരിക്കും .ചിലപ്പോൾ കരയും .. കിടന്നലറും. ആരുടെയും മുഖത്തു നോക്കുല്ലാ.'

പൊടുന്നനെ ഉറക്കെയുള്ള ചിരി കേട്ടു .തട്ടിൻമേൽ ദൃഷ്ടി പായിച്ചു കൊണ്ട് സാർ പൊട്ടിപൊട്ടിച്ചിരിക്കുകയാണ് ..!

'സാറേ ..മുകുന്ദൻ സാറേ ..

ഇങ്ങോട്ട് നോക്കൂ ... '

വീണ്ടും അലറിച്ച ..അലക്ഷ്യമായ നോട്ടം..

ഞാൻ ഗൗരിയുടെ മുഖത്തേക്ക് നോക്കി .ഗൗരി കുറേക്കൂടി കട്ടിലിനോട് ചേർന്ന് നിന്നു. സാറിന്റെ മുഖത്തേക്ക് അടുപ്പിച്ചു കൊണ്ട് വിളിച്ചു.

'സാറേ .. ഇതു് ഗൗരിയാണ് സാറേ '

തിളക്കമറ്റ മിഴികൾ ശൂന്യതയിലേക്കുയർത്തി ചിരിക്കുന്നു .പിന്നെ പൊടുന്നനെ ഉറക്കെ അലറുന്നു.

ഗൗരിയുടെ കണ്ണുനിറഞ്ഞു.അതു കാണാത്ത ഭാവത്തിൽ ഞാൻ കണ്ണു തിരിച്ചു.

നഴ്സിനോട് ചോദിച്ചു ..

'സാറിന് മരുന്നുകളെങ്ങനെ? ശരിക്കു കഴിക്കുന്നുണ്ടോ?'

' കുറേയൊക്കെ സമയത്തിന് തന്നെ കൊടുക്കണണ്ട്.ഇപ്പൊ ഈ കിടപ്പു തുടങ്ങീട്ടു രണ്ടു മാസായി'

രണ്ടു മാസം .ഇത്ര സീരിയസ്സാണെന്ന് ആരും പറഞ്ഞില്ലല്ലോ ! ഗൗരി നിർബന്ധിച്ചില്ലെങ്കിൽ ഇന്നും വരില്ലായിരുന്നു.സർവ്വീസ്സിൽ ജോയിൻ ചെയ്ത കാലം മുതലുള്ള സൗഹൃദമാണ്

സാറുമായിട്ട് .സൗഹൃദം എന്നു പറഞ്ഞുകൂടാ.. ആരാധന - ശരിക്കും അതു തന്നെയായിരുന്നു.. ഭൂരിപക്ഷം പേരും അഴിമതിക്കാരാണെന്ന് ദുഷ്പേരുള്ള ഒരു സർക്കാർ വകുപ്പിൽ ശുദ്ധമായ കൈകളോടെ ഏവരുടേയും പ്രശംസ നേടിക്കൊണ്ട്

സർവ്വീസിൽ നിന്നും വിരമിക്കാൻ കഴിയുകയെന്നത് അപൂർവമായ ഭാഗ്യമാണ് .

മുകുന്ദൻ സാർ റോൾ മോഡൽ ആയതു് ഇക്കാരണത്താലാണ്. സൗഹൃദവലയത്തി

ലുള്ളവർക്കൊക്കെ

ഓർക്കാൻ കഴിയുന്ന നന്മയുടെ ഉറവിടമായിരുന്നു അദ്ദേഹം. വിധി അദ്ദേഹത്തിന്റെ സഹധർമ്മിണിയെ നേരത്തെ വിളിച്ചു .മിടുക്കരായ രണ്ടു മക്കൾ .പിന്നീടുള്ള അദ്ദേഹത്തിന്റെ ജീവിതം മക്കൾക്കു വേണ്ടിയായിരുന്നു.രണ്ടു പേരും ഉന്നത സ്ഥാനങ്ങളിൽ ജോലി നേടി ...

പക്ഷെ ., എന്ന് നേരിൽ കാണുമ്പോഴും അദ്ദേഹത്തിനെ നേരത്തെ തന്നെ വിട്ടേച്ചു പോയ പ്രിയ പത്നിയുടെ ഓർമ്മകൾ വേട്ടയാടിയാരുന്നതായി കാണാം.

' വിജയാ.. വാ നമുക്കു പോകാം' ഗൗരി

വിഷാദത്തോടെ പറഞ്ഞു '

ഞങ്ങൾ രണ്ടു പേരുടേയും സാന്നിദ്ധ്യം സാറ് അറിഞ്ഞിട്ടില്ല. ഞങ്ങളവിടെ കൂടുതൽ സമയം ചിലവഴിക്കുന്നത് നഴ്സിനെ അലോസരപ്പെടുത്തുന്നുണ്ടോ എന്ന് സംശയം .ഞാൻ വെറുതെ മുറിയൊന്ന് വീക്ഷി

ച്ചു.മുറിയുടെ അങ്ങേത്തലക്കൽ മറ്റൊരു കട്ടിൽ വളരെ മോടിയോടെ വിരിച്ചിട്ടുണ്ട്. അതവർക്ക് കിടക്കാനുള്ളതാണ് .അറ്റാച്ച്ഡ്, ടോയ്‌ലറ്റ് ബാത്ത്റൂം ഉണ്ട് .. മരുന്നുകൾ വക്കാനുള്ള

ഷെൽഫ് ,ഭക്ഷണം പാകം ചെയ്യാനും കഴിക്കാനുള്ള സംവിധാനം... ഒരു കൊച്ചു വീടിന്റെ കെട്ടും മട്ടും.

'നിങ്ങൾ ഭക്ഷണമെല്ലാം ഇവിടെ തന്നെയാണൊ കഴിക്കുന്നത്?'

'അല്ലാതെ ഞാനെവിടെ പോകാൻ? അവരു ആപ്പീസിൽ പോകണേന് മുൻപ് രാത്രീലിക്കുള്ള ഭക്ഷണം വരെ മുറീലെത്തിക്കും ...മരുന്നും .കഴിഞ്ഞൂന്ന് പറഞ്ഞാൽ വൈകീട്ടെത്തിക്കും.പിന്നെ എല്ലാറ്റിനും ഞാനുണ്ടല്ലോ .അവര് വന്ന് നോക്കീട്ട് പ്രത്യേകകാര്യന്നുംല്ല്യാലോ.

സാധാരണ മട്ടിൽ അവർ പറഞ്ഞു നിർത്തി .

'അതെന്താത് ..?'

ഗൗരി കൈ ചൂണ്ടി ഒരാർത്ത നാദം പോലെ പറഞ്ഞു. അപ്പോഴാണ് ഞാനും അതു് ശ്രദ്ധിച്ചത് ..

സാറിന്റെ കാലിൽ പുതപ്പിച്ചിരുന്ന തുണി ഫാൻ കറങ്ങുന്നതിനിടയിൽ വഴുതിപ്പോയിരുന്നു. അപ്പോഴാണ് ഞങ്ങളാകാഴ്ചകണ്ടത്......

രണ്ടു കാലും ചേർത്ത് പ്ലാസ്റ്റിക്ക് കയറ് കൊണ്ട് വരിഞ്ഞുമുറുക്കി കട്ടിൽ തലക്കൽ

ബലമായി ബന്ധിച്ചിരിക്കുന്നു. കെട്ടിയതിനു ചുറ്റും കനക്കെ നീരുവന്ന് വീർത്തിട്ടുണ്ട്. എന്റെ നിയന്ത്രണം വിട്ടു.

' നിങ്ങളെന്തു പണിയാ കാണിച്ചിരിക്കുന്നത്.

ആര് പറഞ്ഞിട്ടാ സുഖമില്ലാത്തയാളെ

കെട്ടിയിട്ടിരിക്കുന്നത്?'

ഞാൻ നഴ്സിന് നേരെ തിരിഞ്ഞു.

'സാറെ.. നിങ്ങൾക്കത് പറയാം. രാത്രി ഞാനാ ഇവിടെ കിടക്കണ്ത്. മക്കള്ണ്ടല്ലോ .. അവര് കതകിന് മുട്ടി ഭക്ഷണവും മരുന്നും തരുന്നതല്ലാതെ മുറിയിൽ കടക്കില്ല. ബോധമില്ലാത്ത രോഗിയുടെ വല്ല ചവിട്ടും ഇടിയും കിട്ടിയാലെ എന്റെ പണി തീരും ..

അതിനുള്ള വഹേന്നും ഇബ്ടന്ന് കിട്ടണ്ല്ലാ'

കട്ടിലിൽ കുരുക്കി കെട്ടിയിരിക്കുന്ന സാറിന്റെ കാലുകളിലേക്ക് നോക്കി ഗൗരി ഏങ്ങലടിച്ചു കരഞ്ഞു.

പെട്ടെന്നൊരു ഉൾപ്രേരണയാൽ ഞാൻ സാറിനെ പുതപ്പിച്ചിരുന്ന തുണി എടുത്തു മാറ്റി .ഒരു നിമിഷം ഞാനും ഗൗരിയും ഞെട്ടിത്തരിച്ചു നിന്നു പോയി .സാറിന്റെ രണ്ടു കൈകളും കൂട്ടി നെഞ്ചിനോട് ചേർത്ത്

ബന്ധിപ്പിച്ചിരിക്കുന്നു ..!

ഇതൊന്നുമറിയാതെ മേൽ തട്ടിലേക്ക് നോക്കി സാർ ചിരിയോട് ചിരി.

ഗൗരി എന്നോട് ചേർന്ന് നിന്ന് വാവിട്ട് കരഞ്ഞു.

ഞാൻ പുറത്തു തട്ടി സമാധാനിപ്പിച്ചു.

ഒരു മനുഷ്യജീവിയെ-കിടപ്പു രോഗിയെ -എന്തിന്റെ പേരിലായാലും ശരി

കൈകാലുകൾ ബന്ധിപ്പിച്ചു കിടത്തുന്നത്

കാടത്തമാണ് .

ഇവരോടിത് പറഞ്ഞിട്ട് കാര്യമില്ല. ഇവർക്കിദ്ദേഹം ഏതാനും മാസത്തേക്കുള്ള ഉപജീവനമാർഗ്ഗത്തിന്റെ ഇരമാത്രമാണ് ..

ഇദ്ദേഹം കഴിഞ്ഞാൽ അടുത്തയാൾ .

ശ്രദ്ധിക്കേണ്ടിയിരുന്നത് മക്കളാണ്. ചെറുപ്പത്തിൽ മക്കളുടെ എത്ര ചവിട്ടും കുത്തും ഏറ്റിട്ടാണ് നമ്മളവരെ വളർത്തിയത്. നമ്മളൊക്കെ ആയ കാലത്തു കൊണ്ട വെയിലാണു അവർ ഇന്നനുഭവിക്കുന്ന തണൽ

പറഞ്ഞിട്ട് കാര്യമില്ല .. അതവർക്ക് കൂടി തോന്നണ്ടേ!

അവരോടൊന്നും പറയാതെ ഞങ്ങൾ

മുറിയിൽ നിന്നും പുറത്തിറങ്ങി.

പുറത്ത് വെയിൽ മങ്ങി വരുന്നു. മുറ്റത്ത് കളി കളിലേർപ്പെട്ടിരുന്ന കുട്ടികൾ വിളിച്ചു ചോദിച്ചു.

'പോകാണൊ? മുത്തച്ഛനെ കണ്ടോ?

ഇവരോടെന്താ പറയാ?

'കണ്ടു .. മക്കൾ മുത്തച്ഛനെ കാണാറില്ലേ?'

'ഞങ്ങളോട് ആ റൂമിൽ കയററുതെന്നാണ് ഡാഡീം മമ്മീം പറഞ്ഞിട്ടുള്ളത്. '

ഞങ്ങളെ ശ്രദ്ധിക്കാതെ അവർ വീണ്ടും കളികളുടെ ലോകത്തേക്ക് ഊളിയിട്ടു.

തിരിഞ്ഞു നോക്കാതെ ഞങ്ങൾ ഗേറ്റ് തുറന്ന് ഓട്ടോസ്റ്റാന്റിലേക്ക് രണ്ടു ജീവച്ഛവങ്ങളെപ്പോലെ നടന്നു.ഗൗരിയുടെ മുഖത്തു നോക്കാൻ തന്നെ കഴിയുന്നില്ല.

വകുപ്പിൽ ഏറ്റവും അടുത്ത സുഹൃത്തുക്കളായിരുന്നു അവർ .ഗൗരിക്ക് മുകുന്ദൻ സാർ എന്നും മൂത്ത സഹോദരനായിരുന്നു .ഗൗരിയുടെ ഭർത്താവ് അറ്റാക്ക് വന്ന് മരിച്ചതിൽ ശേഷം എന്തു കാര്യത്തിനും ഉപദേശം തേടുന്നതും സാറിനോടായിരുന്നു .

ഒരു മകൻ മാത്രമേ അവർക്കുള്ളൂ .. അവന്റെ ഭാര്യയും ഗൗരിയും തമ്മിൽ ചില കു

ടുംബ പ്രശ്നങ്ങളുണ്ട് ..

മകനെപ്പോഴും ഭാര്യയുടെ പക്ഷത്താണെന്ന ആക്ഷേപവും ഗൗരിക്കുണ്ട് .ഇത്തരം കാര്യങ്ങൾ തുറന്ന് പറഞ്ഞ് പരിഹാരം തേടുന്നത് മുകുന്ദൻ സാറിൽ നിന്നായിരുന്നു.

അതാണ് ഗൗരിക്ക് ഒരു സങ്കടക്കടൽ തന്നെ

നെഞ്ചിലേറ്റിയ അനുഭവം .

ഓട്ടോ കാത്തു നില്ക്കുമ്പോൾ ഗൗരിയോടായി പറഞ്ഞു .' ഗൗരീ .ഇതൊക്കെ പരിഹാരമില്ലാത്ത വിഷയങ്ങളാണ്.മക്കളാണ് ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടത് .അവരുടെ ഭാഗത്തു നിന്നു നോക്കുമ്പോൾ ഒരു തെറ്റുമില്ല .

അച്ഛന് സ്ട്രോക്ക് വന്നു. ഹോസ്പിറ്റലിൽ

കൊണ്ടുപോയി .ആവശ്യമായ ട്രീറ്റ്മെന്റ് നൽകി. തിരിച്ച് വീട്ടിൽ കൊണ്ടുവന്നു .

അവർക്ക് ജോലിക്ക് പോകാനുള്ളതുകൊണ്ട് ഹോം നഴ്സിനെ വച്ചു.

സമയത്തിന് ആഹാരം ,മരുന്ന് എല്ലാം നൽകുന്നുണ്ട് ..

അവരുടെ കാഴ്ചപ്പാടിൽ അതാണ് അച്ഛനോടുള്ള സ്നേഹം .. കടപ്പാട് .

ഗൗരിയുടെ മുഖത്തെ ഭാവത്തിന് മാറ്റമുണ്ടായില്ല എനിക്കും മനസ്സിലെന്തോ വലിയ ഭാരം കയറ്റി വച്ച പോലെ ...

എന്നും പ്രസന്നവദനനായി കണ്ടിരുന്ന ' വിജയാ ..' എന്ന് സ്നേഹപൂർവ്വം വിളിച്ചിരുന്ന മുകുന്ദൻ സാറിനെ കൈകാലുകൾ ബന്ധിച്ച നിലയിൽ കണ്ടതിന്റെ

ദുഷ്കാഴ്ച

കണ്ണിൽ നിന്നും മായുന്നില്ല.

ഓട്ടോ വന്നു.രണ്ടു പേരും കയറി .പരസ്പരം ഒരക്ഷരം ഉരിയാടാതെയുള്ള യാത്ര .ഗൗരിയെ വീടിന് മുന്നിൽ ഇറക്കിക്കൊടുത്തു .പതിവില്ലാതെ യാത്ര പോലും പറയാതെ തിരിഞ്ഞു നോക്കാതെ ഗൗരി വീട്ടിലേക്ക് കയറിപ്പോയി.

വീട്ടിലെത്തിയപ്പോൾ ഇരുട്ടായിരുന്നു .എന്താ വൈകിയതെന്ന് ഗീത ചോദിച്ചപ്പോൾ മീറ്റിംഗിലായിരുന്നുവെന്ന് പറഞ്ഞു. മേൽക്കഴുകി വന്ന് പോർട്ടിക്കോവിലെ ചാരുകസേരയിൽ ക്ഷീണമകറ്റായി കിടക്കുമ്പോഴും മുകുന്ദൻ സാറായിരുന്നു മനസ്സിൽ.

അടുക്കളയിലെ പണികളൊതുങ്ങിയപ്പോൾ ഗീത അടുത്തുവന്നു.

' എന്തോ പറ്റിയിട്ടുണ്ടല്ലോ? യോഗത്തിൽ ആരെങ്കിലുമായി ഉടക്കിയൊ?'

മനസ്സു വായിച്ചെടുത്ത പോലെ ഗീത ചോദിച്ചു.

ഗീതയോട് മുകുന്ദൻ സാറിനെ കാണാൻ വീട്ടിൽ പോയ കാര്യം പറഞ്ഞു. സാർ പലപ്പോഴും വീട്ടിൽ വന്നിട്ടുണ്ട് .പെൻഷനേഴ്സ് സംഘടനയുടെ ഭാഗമായുള്ള ടൂറിന് പോകുമ്പോൾ കുട്ടികളെ പോലെ കൈകൊട്ടി പാട്ടു പാടുകയും

തള്ളിച്ചാടുകളും ചെയ്തിരുന്ന ആളാണ്.

അതൊക്കെ ഓർമ്മയിൽ വന്നപ്പോൾ ഗീതയും വല്ലാതായി.

' എന്നാലും ആ മക്കൾക്ക് കുറച്ചു കാലം ലീവെടുത്തു അച്ഛന്റെ അടുത്തിരുന്നാലെന്താ? ഹോം നഴ്സിനെ പരിചരിക്കാനായി വിട്ടുകൊടുക്കണൊ?

അവർക്കിത് തൊഴിലിന്റെ ഭാഗം മാത്രം'

ഗീതയ്ക്കും അമർഷം.

' ഇതൊന്നും നമ്മൾ പറഞ്ഞിട്ട് കാര്യമില്ല. നമ്മുടെ കാര്യം എന്താകുമെന്ന് ആർക്കറിയാം'? നമ്മുടെ പെൺമക്കൾ വിവാഹിതരായി പോയതുകൊണ്ട് അടുത്തില്ല. നമുക്കെന്തെങ്കിലും സംഭവിച്ചാൽ ഇത്രയെങ്കിലും കാരുണ്യം ആരിൽ നിന്നും പ്രതീക്ഷിക്കേണ്ട...'

രാത്രി ..

പതിവില്ലാതെ കിടക്കയിൽ ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു. പാതിരാവിലെപ്പോഴൊ കണ്ണടഞ്ഞു പോയി .

നിർത്താതെ മൊബൈൽ റിംഗ് ചെയ്യുന്നത് കേട്ടാണു് ഉണർന്നത് ...

ഗീത നേരത്തെ എണീറ്റ് അടുക്കളയിലേക്ക് പോയിരുന്നു..

ഫോണെടുത്തു.

'ഹലോ ആരാണ്?'

'സാറേ ഇത് ഞാനാണ് സതീശൻ '

'സതീശൻ?'

'അതെ ഗൗരിയുടെ

മകൻ '

' ഉവ്വ് .. അറിയും .. എന്താ രാവിലെ ?'

'സാറേ . അമ്മയെ കാണാനില്ല ഡ്രസ്സും ബാഗും ഒക്കെയായിട്ടാ പോയിരിക്കുന്നത് ഒരു കത്തെഴുതി വച്ചിട്ടുണ്ട്. എന്നെ ആരും അന്വേഷിക്കണ്ട .ഞാൻ ഏതെങ്കിലും വൃദ്ധസദനത്തിൽ ചേരാൻ പോവുകയാണ്. തിരിച്ചു കൊണ്ടുവരാൻ ചെന്നാൽ നിങ്ങളെന്നെ ജീവനോടെ കാണില്ലാന്നാണ് എഴുതിയിരിക്കുന്നത് '

സാർ ...സാർ ഇന്നലെ നിങ്ങളൊരുമിച്ചല്ലേ വന്നത്?'

സാർ .. സാർ?



# കുതിച്ചു കയറുന്ന കോവിഡും കിതച്ചു കയറുന്ന സമ്പദ്ഘടനയും



രാജേഷ്കുമാർ കെ.പിളള

**കോ**വിഡ് ലോകത്താകമാനം വലിയ വെല്ലുവിളി തീർത്തുകൊണ്ടിരിക്കുകയാണ്. വികസിത രാജ്യങ്ങൾ എന്ന് പൊതുവെ വിലയിരുത്തുന്ന അമേരിക്ക, ബ്രിട്ടൺ മറ്റു യൂറോപിയൻ രാജ്യങ്ങൾ, കോവിഡിന്റെ രണ്ടാം തരംഗത്തിൽ പെട്ടു വലഞ്ഞപ്പോൾ നാം ഒട്ടു ആശ്വസിച്ചു വരികയായിരുന്നു. എന്തന്നാൽ നാം കോവിഡിന്റെ ഒന്നാം തരംഗത്തെ വലിയ പരിക്കുകൾ ഏൽക്കാതെ കടന്നു പോയി എന്നതിരിച്ചറിവും പിന്നെ നമ്മുടെ രാജ്യത്തെ ഫർമസി കമ്പനികൾ കോവിഡിനെ പ്രതിരോധിക്കുന്ന വാക്സിൻ വികസിപ്പിച്ചു വിതരണം ചെയ്യാൻ തുടങ്ങിയതും നമ്മുടെ ആത്മവിശ്വാസം കൂട്ടി. രോഗവ്യാപനം കുറഞ്ഞതും, വാക്സിനുകളുടെ വരവും കൂടി ചേർന്നപ്പോൾ ഒരളവു നമ്മുടെ കരുതലുകൾ നാം തന്നെ ഉപേക്ഷിച്ചു എന്ന് പറഞ്ഞാൽ അധികം ആകില്ല. കൂടാതെ ഒരു വർഷകാലം നാം അടച്ചിരുന്നതിന്റെ കേടു തീർക്കാനും തുടങ്ങി. അങ്ങിനെ പൊതുവിൽ നിയന്ത്രണങ്ങൾ മറന്നുകളഞ്ഞു.

ഒരു വർഷം മുൻപ് നാം നടത്തിയ അടച്ചിടലിന്റെ പ്രതിഫലനം രാജ്യത്തെ സാമ്പത്തിക സ്ഥിതിയിൽ പ്രകടമായി. കേന്ദ്ര ഗവെർമ്മെന്റിന്റെ 2021 ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം നമ്മുടെ ആഭ്യന്തര ഉല്പാദന വളർ

ച്ച മാർച്ച് 2020ൽ അവസാനിച്ച വർഷത്തേക്കാൾ 9% കണ്ടു കുറയും എന്ന് വിലയിരുത്തുന്നു. അതിനർത്ഥം, സാമ്പത്തിക ഘടന യുടെ ഭാഗമായ എല്ലാ മേഖലകളും വളരുന്നതിന് പകരം തളർച്ച നേരിടും എന്നാണ്. അത് രാജ്യത്തിന്റെ വികസനം മുരടിപ്പിച്ചു. ഉല്പാദന, വിതരണ, സേവന മേഖലകളിൽ ഉണ്ടായിട്ടുള്ള ഈ തളർച്ച വലിയതോതിലുള്ള തൊഴിലില്ലായ്മ സൃഷ്ടിച്ചു. Centre for monitoring Indian Employment (CMIE)യുടെ റിപ്പോർട്ട് പ്രകാരം 2020, ഏപ്രിൽ, മെയ് മാസങ്ങളിൽ നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 23%നു മുകളിലായിരുന്നു. എന്നാൽ ജനുവരി 2021 ആയപ്പോൾ നഗരപ്രദേശങ്ങളിൽ ഇതു 8%ത്തിലേക്ക് താഴ്ന്നു എന്നത് ആശ്വാസം നല്കുന്ന വാർത്തയാണ്. എന്നാൽ കോവിഡിന്റെ രണ്ടാം വരവ് ഈ ഉണർവിനെ പിന്നിലേക്ക് വലിക്കുമോ എന്ന ആശങ്കയിലാണ് തൊഴിൽ മേഖല.

**വ്യാവസായിക മേഖലയിലെ പ്രതിസന്ധികൾ.**

നമ്മുടെ രാജ്യത്തെ വ്യവസായങ്ങളിൽ പ്രധാനമാണ് വാഹന നിർമ്മാണവും അനുബന്ധ വ്യവസായങ്ങളും. എന്നാൽ ഈ മേഖല കഴിഞ്ഞ രണ്ടു വർഷങ്ങളായി വളർച്ച മുരടിച്ചു നിൽക്കുകയാണ്. 2020 മാർച്ച് മാസത്തിൽ ഏർപ്പെടുത്തിയ ദേശവ്യാപക ലോക്ക്ഡൗണിനെ തുടർന്ന് വാഹന നിർമ്മാണ, വിപണന മേഖലയിൽ വൻ പ്രതിസന്ധിയാണ് നേരിടുന്നത്. പ്രമുഖ റേറ്റിംഗ് ഏജൻസിയായ CARE ന്റെ റിപ്പോർട്ട് പ്രകാരം, യാത്ര വാഹനങ്ങളുട വില്പനയിൽ 2020-21 സാമ്പത്തിക വർഷം, 2016നു ശേഷം ഉള്ള ഏറ്റവും കുറഞ്ഞ വില്പനയാണ് നടന്നിട്ടുള്ളത് എന്ന് വിലയിരുത്തുന്നു. ഇതു വാണിജ്യആവശ്യങ്ങൾക്കുപയോഗിക്കുന്ന വാഹനങ്ങളുടെ കാര്യമെടുത്താൽ ഇതു 2011ശേഷം ഉള്ള കുറഞ്ഞ വില്പനയും. വാഹന നിർമ്മാണവ്യവസായത്തിൽ ഉണ്ടാവുന്ന പ്രതിസന്ധിസമ്പത്ഘടനയിൽഉണ്ടാക്കുന്ന ആഘാതം ചെറുതല്ല. ഈ വ്യവസായത്തെ ആശ്രയിച്ചു നിൽക്കുന്ന ഒട്ടനവധി അനുബന്ധ വ്യവസായങ്ങൾ ഉണ്ട്. (Automobile ancillary industry)അവയെല്ലാം തന്നെ ഈ മേഖലയിൽ ഉണ്ടാകുന്ന തുടിപ്പും കിതപ്പും നേരിട്ടനുഭവിക്കുന്നവയുമാണ്. ഈ വ്യവസായത്തിൽനേരിട്ടും അല്ലാതെയും തെഴിലെടുക്കുന്ന, സംഘടിത, അസംഘടിത തൊഴിലാളികൾ ലക്ഷക്കണക്കിനുണ്ട്. ഈ മേഖലയിൽ കോവിഡിന് മുൻപ് തന്നെ പ്രശ്നങ്ങളുണ്ട്. BS4ൽ നിന്നും BS 6 നിലവാരത്തിലേക്ക് വാഹനങ്ങളുടെ മലിനീകരണം നിയന്ത്രണം നടപ്പാക്കിയത് ഈ വ്യവസായങ്ങൾക്ക് തിരിച്ചടിയായി. ആ മാറ്റത്തിനു പല മുൻനിര വാഹന നിർമ്മാതാക്കാ



ളും തയ്യാറെടുത്തിരുന്നില്ല.ഇതോടൊപ്പമാണ് കോവിഡ് കടന്നു വന്നതും, പ്രാദേശിക തലത്തിലും, ദേശീയ തലത്തിലും ഏർപ്പെടുത്തിയ യാത്രാവിലക്കുകളും, മറ്റു നിയന്ത്രണങ്ങളിലും, ഈ വ്യവസായതിന്നു ഗതി നഷ്ടമായി. ഇന്ന് നാം നോക്കിയാൽ മനസിലാകും, നമ്മുടെ റോഡുകളിൽ കോവിഡിന് മുൻപ് ഉണ്ടായിരുന്നപല റൂട്ട് ബസുകളും കാണാനില്ല. നമ്മുടെ KSRTC പോലും എല്ലാ ഷെഡ്യൂളുകളും കോവിഡിന് ശേഷം പുനരാരംഭിച്ചിട്ടില്ല. റൂട്ട് ബസ് ഓടിച്ചു ജീവിതമാർഗം കണ്ടെത്തിയിരുന്ന തൊഴിലാളികളും, തെഴിലുടമയും കോവിടിൽ ഗതി നഷ്ടമായവരിൽ ഒരു കൂട്ടരാണ്.

മേൽ പറഞ്ഞ റിപ്പോർട്ട് പ്രകാരം 2021 സാമ്പത്തിക വർഷത്തെ retail സെയിൽസ് ഇരുചക്ര വാഹനങ്ങളുടെ കാര്യത്തിൽ 2020സാമ്പത്തിക വർഷത്തെ അപേക്ഷിച്ച്, 34% കുറവാണു രേഖപ്പെടുത്തിയിരിക്കുന്നതു. ഇതു മൂന്നു ചക്ര വാഹനങ്ങളുടെ കാര്യം വരുമ്പോൾ 65%വും, മറ്റു യാത്ര വാഹനങ്ങളുടെ കാര്യത്തിൽ 12%വും മറ്റുവാണിജ്യ വാഹനങ്ങളുടെ കാര്യം വരുമ്പോൾ 51% കുറവുമാണ് വന്നിരിക്കുന്നത്. രാജ്യത്തിന്റെ GDP 2021 സാമ്പത്തിക വർഷം നെഗറ്റീവ് വളർച്ചയിലാണ് എന്ന് നമുക്കറിയാം. അടുത്ത സാമ്പത്തിക വർഷം നമ്മുടെ GDP യിൽ 10%-മുകളിൽ വളർച്ചയാണ് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നതു. എന്നാൽ വളർന്നു വരുന്ന കോവിഡിന്റെ രണ്ടാം വരവ് ഈ പ്രതീക്ഷകളെ എങ്ങനെ ബാധിക്കും എന്ന് വരും ദിവസങ്ങളിൽ നിന്നുമാത്രമേ അറിയാൻ കഴിയൂ. കാര്യങ്ങൾ വളരെ മോശം അവസ്ഥയിലേക്കാണ് പോകുന്നത്. പല സംസ്ഥാനങ്ങളിലും കാടിളക്കി ഇലക്ഷൻ പ്രചാരണം കഴിഞ്ഞവേളയിൽ സ്ഥിതി ഇതിലും വഷളാകാനാണ് സാധ്യത.

**2021 സാമ്പത്തിക വർഷത്തെ retail സെയിൽസ് ഇരുചക്ര വാഹനങ്ങളുടെ കാര്യത്തിൽ 2020സാമ്പത്തിക വർഷത്തെ അപേക്ഷിച്ച്, 34% കുറവാണു രേഖപ്പെടുത്തിയിരിക്കുന്നതു. ഇതു മൂന്നു ചക്ര വാഹനങ്ങളുടെ കാര്യം വരുമ്പോൾ 65%വും, മറ്റു യാത്ര വാഹനങ്ങളുടെ കാര്യത്തിൽ 12%വും മറ്റുവാണിജ്യ വാഹനങ്ങളുടെ കാര്യം വരുമ്പോൾ 51% കുറവുമാണ് വന്നിരിക്കുന്നത്.**

## ബാങ്ക് വായ്പ വളർച്ച

നമ്മുടെ രാജ്യത്തിന്റ വികസനം ഇവിടെ ഉണ്ടാകുന്ന മൂലധന നിക്ഷേപത്തിന് ആനുപാതികമാണെന്ന് അറിയാമല്ലോ. കൂടുതൽ നിക്ഷേപം നടക്കുമ്പോൾ അതിനു ആനുപാതികമായി ബാങ്കുകളും മറ്റു ധനകാര്യ സ്ഥാപനങ്ങളും നല്കുന്ന വായ്പകളിലും വർദ്ധന ഉണ്ടാകും. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ലാഭകരമായി നിക്ഷേപിക്കാൻ സാധ്യത ഉണ്ടെങ്കിൽ, കടം വാങ്ങി ബിസിനസ് ചെയ്യാൻ നിക്ഷേപകർ തയ്യാറാകും. കോവിഡ് പ്രതിസന്ധിയിൽ നിന്നും രാജ്യത്തെ കരകയറ്റാൻ സെൻട്രൽ ഗവണ്മെന്റ് എടുത്ത നടപടികൾക്ക് അനുസൃതമായി നമ്മുടെ റിസേർവ് ബാങ്ക് ഓഫ് ഇന്ത്യയും ധാരാളം നയപരമായ മാറ്റങ്ങൾ വരുത്തി അതിലൊന്നാണ് വിപണിയിൽ ധന ലഭ്യത ഉറപ്പാക്കാൻ ആവശ്യമായ ഇടപെടൽ. അതിന്റെ ഭാഗമായി പലിശ നിരക്കുകൾ എറ്റവും കുറഞ്ഞ നിലയിലാണിപ്പോൾ. എന്നാൽ ബാങ്കുകളുടെ വായ്പ വിതരണ നിരക്കിലുള്ള വർദ്ധനമുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെ കുറഞ്ഞ നിരക്കിലാണ് ഇപ്പോഴും. ജൂൺ 2019നു ശേഷം ബാങ്ക് വായ്പ വളർച്ച നിരക്ക് രണ്ടക്കം കണ്ടിട്ടില്ല. 2019, ജൂൺ മാസത്തിൽ, 2018ജൂൺ മാസത്തെ അപേക്ഷിച്ചു 11.7% ആയിരുന്നു വായ്പ വളർച്ച എങ്കിൽ, 2020 ജൂൺ ആയപ്പോൾ വളർച്ച നിരക്ക് വെറും 6.2% ത്തിലേക്ക് കൂപ്പുകുത്തി. 2020 മാർച്ചിൽ നിന്നും 2021 മാർച്ചിലേക്കു എത്തുമ്പോൾ വായ്പ വളർച്ച 5.6% ആയി. ലഭ്യമായ വിവരം അനുസരിച്ച്ബാങ്കുകൾ നൽകിയിരിക്കുന്ന ആകെ വായ്പ 2021, മാർച്ചിൽ 110 ലക്ഷം കോടി രൂപയാണ്. ഇതു 2020 മാർച്ചിൽ ഏകദേശം 104 ലക്ഷം കോടി രൂപയായിരുന്നു. വായ്പ വിതരണത്തിന്റെ തുകയിൽ 6 ലക്ഷം കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട് എന്ന് നമുക്ക് വാദിക്കാമെങ്കിലും വളർച്ച കുറഞ്ഞ നിരക്കിലാണ് എന്ന് സമ്മതിക്കാതെ തരമില്ല. അതേ സമയം ബാങ്ക് ഡെപ്പോസിറ്റാകട്ടെ 150ലക്ഷം കോടിരൂപ കടന്നു. അപ്പോൾ കൊടുക്കാൻ

പണമില്ല എന്നതല്ല വിഷയം മറിച്ചു വായ്പ എടുക്കാൻ, അല്ലെങ്കിൽ വായ്പ കൊടുക്കാൻ യോഗ്യമായ പ്രൊജെക്ടുകൾ ഇല്ല എന്ന്, അതുമല്ലെങ്കിൽ കടമെടുത്തു മുതൽ മുടക്കാൻ വരുന്നവർ കുറവാണ് എന്ന് നാം മനസ്സിലാക്കണം.

**ആത്മനിർഭര ഭാരത്**

ഗൾവാൻ താഴ്‌വരകളിലേക്ക് ചൈനക്കാരന്റെ കടന്നു കയറ്റവും തുടർന്നുണ്ടായ സംഭവ വികാസങ്ങളും നമ്മുടെ വ്യാവസായിക രംഗത്ത് ചെറുതല്ലാത്ത പ്രതിസന്ധിയാണ് ഉണ്ടാക്കുന്നത്. ലോകത്തിലെ ഉല്പാദന പ്രക്രിയ ഏറെക്കുറെ കൈയടക്കിവാഴുന്നത് ചൈനയാണ് എന്ന് നമുക്കറിയാം. നമ്മുടെ രാജ്യത്തെ ഏതാണ്ട് എല്ലാം വ്യവസായിക ഉത്പന്നങ്ങളും അവയ്ക്കു വേണ്ട ചെറുതും വലുതുമായ അനവധി ഘടകങ്ങക്ക് ചൈനയെ ആണ് ആശ്രയിക്കുന്നത്. കോവിഡിൽ ലോകത്താകമാനം തന്നെ ഉല്പാദന വിതരണ ശൃംഖലകൾ താളം തെറ്റിയ നിലയിലായതിനാൽ പല സാധനങ്ങളുടെയും ലഭ്യത കുറവ് വന്നിട്ടുണ്ട്. അതു എറ്റവും പ്രകടമാകുന്നത് കമ്പ്യൂട്ടർ, വാഹനങ്ങൾ, മറ്റു ഇലക്ട്രോണിക് സാധനങ്ങൾ എന്നിവയിലാണ്. കമ്പ്യൂട്ടർ ചിപ്പുകൾ, കേബിളുകൾ തുടങ്ങി സോളാർ പാനൽ ബാറ്ററി എന്നിവയിലെല്ലാം ഈ പ്രതിസന്ധി രൂക്ഷമായി തുടരുന്നു. ഇതിനുപരിയായി ചൈനയുടെ കടന്നു കയറ്റവും തുടർന്ന് ഒരു രാജ്യം എന്ന നിലയിൽ നാം ചില കടുത്ത നടപടികൾ എടുക്കാൻ പ്രേരിതമായി.

കേന്ദ്ര ഗവണ്മെന്റ് നമ്മുടെ രാജ്യത്തെ ഒരു ഉല്പാദന കേന്ദ്ര മായി (manufacturing hub)ആക്കി മാറ്റാനുള്ള നയം രൂപീകരിക്കുകയും അതിനായി നിരവധി ഇളവുകൾ പ്രഖ്യാപിച്ചു. ഇവിടെ നാം ഓർക്കേണ്ട ഒരു വലിയ വസ്തുത എന്തെന്നാൽ, 1991നു മുൻപുള്ള കാലഘട്ടത്തിലും നാം ഇറക്കുമതിയെ പരമാവധി നിയന്ത്രിക്കാൻ ശ്രമിച്ചു. ഫലമോ, നമ്മുടെ രാജ്യം സാങ്കേതിക വിദ്യയിൽ ലോകത്തെ വികസിത രാജ്യങ്ങളുടെ മുൻപിൽ പിടിച്ചു നിൽക്കാൻ കഴിയാത്ത അവസ്ഥയിൽ വന്നു. ഇന്നുനാം ബഹുദൂരം പിന്നിട്ടു എങ്കിലും പല സാങ്കേതിക വിദ്യകളിലും വികസിത രാജ്യങ്ങൾക്ക് പിന്നിലാണ്. നമുക്ക് കയറ്റുമതി നടത്തി ലോക കമ്പോളത്തിൽ നമ്മുടെ ഉത്പന്നങ്ങൾക്ക് ശരിയായ വിപണിയും മൂല്യവും ലഭിക്കണമെങ്കിൽ നമ്മുടെ ഉത്പന്നങ്ങൾ സാങ്കേതിക തികവും ഗുണനിലവാരവും കൊണ്ടു മറ്റു രാജ്യങ്ങൾക്കൊപ്പം നിൽക്കാൻ കഴിയണം. ഉല്പാദന പ്രക്രിയ പുതിയ സാങ്കേതിക വിദ്യയിലൂന്നികൊണ്ടാകണം. നമുക്കറിയാം കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ സാങ്കേതിക വിദ്യ മാസങ്ങൾക്കുള്ളിൽ മാറി വരുന്നു. സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിലേക്ക് വലിയ നിക്ഷേപം ആവശ്യമാണ്. അതിനുള്ള പശ്ചാത്തല സൗകര്യം ഒരുക്കേണ്ടത് ഗവണ്മെന്റ് തന്നെയാണ്. അതു കേവലം പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് കൊണ്ടു മാത്രംനേടാൻ കഴിയുന്നതല്ല. മാത്രമല്ല രാജ്യത്തിനാവശ്യമായ എല്ലാ സാധനങ്ങളും ഇവിടെ ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ നിക്ഷേപം, പശ്ചാത്തല സൗകര്യം തുടങ്ങിയവ കണ്ടെത്താൻ സമയവും വേണ്ടി വരും. കോവിഡ് പ്രതിസന്ധിമുന്പില്ലാത്ത വിധം വീണ്ടും ഉരുണ്ട് കൂടുന്നത് ഗവണ്മെന്റ്കളെ വല്ലാത്ത പ്രതിരോധത്തിലേക്ക് തള്ളിവിടാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. അങ്ങനെയെങ്കിൽ, രാജ്യത്തെ വിഭവങ്ങൾ ആരോഗ്യരംഗത്തേക്കും കോവിഡ് പ്രധിരോധത്തിനുമായി നീക്കി വയ്ക്കേണ്ടി വന്നേക്കാം അതു 2021 ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച 2.23 ലക്ഷം കോടി രൂപ കൊണ്ടു മതിയാകുമെന്ന് കരുതാനാകില്ല.

കഴിഞ്ഞ കുറേ വർഷങ്ങളായി രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധികളിൽ ചിലതെല്ലാം തെറ്റായ നയങ്ങളിൽ നിന്നും ഉണ്ടായതാണെങ്കിൽ, ഇപ്പോൾ നാം നേരിടുന്നത് ഒരു അദൃശ്യനായ, മനുഷ്യാന്തകനായ ഇത്തിരി കുഞ്ഞൻ വൈറസ് ആണ്. ഇവിടെ നിന്നും കരകയറാൻ നിരന്തരമായ അധ്വാനം ആവശ്യമാണ്. ഗവണ്മെന്റ്കളും, രാജ്യങ്ങളും, ജനങ്ങളും ഒരുമിച്ചു നിന്നു കൊണ്ടുള്ള പ്രയത്നം, അതു മാത്രമാണ് പോംവഴി. ●

> **നമ്മുടെ രാജ്യത്തെ ഏതാണ്ട് എല്ലാം വ്യവസായിക ഉത്പന്നങ്ങളും അവയ്ക്കു വേണ്ട ചെറുതും വലുതുമായ അനവധി ഘടകങ്ങൾക്ക് ചൈനയെ ആണ് ആശ്രയിക്കുന്നത്.**





ദീപ ദിനേശ്

# പൂക്കളോടൊത്തൊരു വിരുന്ന്

പഴുത്തതും പച്ചയും
കരിഞ്ഞുണങ്ങിയതുമായ
ഇലകൾ
ഇപ്പോൾ നാമ്പിട്ട തളിരിന്
തായ് വേരിനോളം ആഴം
പുറമെ ഇലഞരമ്പുകളിലോടി
അടരാൻ വെമ്പിയൊരു കണം
പിന്നാലെ ഒരു ചെറുപ്രാണി
തനിക്ക് വിശപ്പോ ദാഹമോ
മാറ്റാതടർന്ന കണത്തിന്റെ
പതനമാസ്വദിച്ച് മടങ്ങുന്നു.
ഇല ഇടുക്കുകളിൽ
വിടർന്നുലഞ്ഞ്
സുഗന്ധ മിറ്റുന്ന
മിഴിയെഴുതാത്ത
വെളുത്ത പൂങ്കുലകൾ
നിശയിൽ വിടർന്നതിനാലാവാം
ഇതളുകളിലല്പം ആലസ്യം

നിറങ്ങൾ മിഴി തുറന്നെൻ
മിഴിയിൽ നോക്കുന്നു.
പച്ചവിതാനത്തിൽ
വർണമഴ പൊഴിഞ്ഞ പോൽ
ഒന്നു തൊടാനനുവദിക്കാതെ
എറുമ്പിൻ കൂട്ടങ്ങൾ
തേനൊഴുകും സുഗന്ധത്തിന്റെ
രൂപമൊന്ന് ആസ്വദിക്കാനായെങ്കിൽ
അതിന് വർണ്ണമേതായിരിക്കും?
ചിന്തകൾ ചിലത് തേടുമ്പോൾ
ഒരു നീല പുഷ്പം എന്നോട്
നിന്നെ തിരക്കി.
നീ എന്തേ വന്നില്ല?
ഞാനതിനോട് എന്താണ് പറയേണ്ടത്?





യഹിയാ മുഹമ്മദ്

# യക്ഷി

തറവാട്ടിന്റെ തെക്കിനിയിൽ
ഒരിക്കലും തുറക്കാത്ത ഒരു മുറിയുണ്ട്
മണിചിത്രത്താഴിട്ട് ഉറുക്കുകൾ ബന്ധിച്ച്
അടച്ചിട്ട ഒറ്റമുറി

കുഞ്ഞുന്നാളെ ആ മുറിയേക്കുറിച്ച് ചോദി
ക്കുമ്പോഴെല്ലാം .
ഒരായിരം യക്ഷിക്കഥകൾ ഗതികിട്ടാതെ സ
ഞ്ചാരം തുടങ്ങും
നിലാവ് പൂക്കും
പാലപ്പൂവിന്റ ഗന്ധം വീടാകെ നിറയും.

നെയ്തു വച്ച ചിലന്തിവലയിൽ കുരുങ്ങി ഒ
രു പല്ലി ചിലയ്ക്കും.
പ്രാവ് കുറുകും
ചിലമ്പൊലികളുടെ ശീൽക്കാരത്തിൽ ചില
അട്ടഹാസങ്ങൾ മുഴങ്ങും

ദിവസങ്ങൾ വർഷങ്ങളെ തിന്നു തീർത്തു.

മുത്തശ്ശി മണ്ണടിഞ്ഞു.
ഞാൻ അച്ഛനായി
അമ്മ മുത്തശ്ശിയായി
എന്നിട്ടും ആ മുറി മാത്രം
കാലങ്ങളെ ഭേദിച്ചങ്ങനെ.!

ഇന്ന് ഏതായാലും ആ മുറി തുറക്കാനായി
രുന്നു ഞാൻ വന്നത്
പുറത്ത് നിന്ന് പൂട്ടിയതൊന്നും തുറക്കരുതെ
ന്ന് അമ്മ അപ്പോഴും ശാഠ്യം പിടിച്ചു
കണ്ണുകളിൽ നിന്നും ഭയം
ദുരാത്മാക്കളെ പോലെ പുറത്തുചാടി.

എന്റെ ഉറക്കം
പാതി വഴിയിൽ മുറിഞ്ഞു തുടങ്ങി
ഓർമ്മകൾ പാടവരമ്പിൽ സവാരിക്കിറങ്ങി
നോവുകൾ കുളക്കടവിൽ
ആശ്വാസത്തിന്
കുളിരു കൊണ്ടിരുന്നു
പിടിച്ചുകെട്ടാനാവാതെ കവിത കവലയിൽ
കുരച്ചു തുടങ്ങി.

എനിക്കും പണിയണം വീട്ടിന്റെ തെക്കിനി
യിൽ ഒരൊറ്റ മുറി.
ഭ്രാന്തു പിടിച്ച കവിതകളെ
പൊട്ടി ഒലിക്കുന്ന നോമ്പുകളെ
വഴി തടസ്സപ്പെടുത്തുന്ന ഓർമ്മകളെ
അതിരുവിട്ടട്ടഹസിക്കുന്ന ജീവിതത്തെ
അടച്ചു വെക്കണം
പുറത്ത് കടക്കാത്ത വിധം താഴിട്ടു പൂട്ടണം.

# മറിയച്ചേടത്തി



ഡോ . പി. സജീവ്കുമാർ.

ഒരൊഴിവുദിവസം
ഊണുകഴിച്ച ശേഷം
വെറുതെയിരുന്ന ഉച്ചനേരത്താണ്
ഒരു പ്രകോപനവും കൂടാതെ
മറിയച്ചേടത്തി , ഓടിക്കേറിവന്നത്.
ചൂരൽക്കസേരയിൽ
ചെറുതായി ആടിക്കൊണ്ടിരുന്ന
ഞാൻ അത്ഭുതപരവശതയിലായി.

നാല്പതാണ്ടു പിറകിൽ
നിറം മങ്ങിയ ചട്ടയും, മുണ്ടുമിട്ട്
മുഖത്തെ ചുളിവുകളുമായി
എൽ. പി. സ്കൂളിലെ അടുക്കളയിൽ
തന്റെ തലേലെഴുത്തിനെ പഴിച്ചു,
തീ പുകച്ച്, ഉപ്പുമാവുണ്ടാക്കുന്ന മറിയച്ചേടത്തി.
പുകയടിച്ച്, ചുവന്നകണ്ണുകളും
കവിളിൽ, നീരൊഴുക്കുമായി
മറിയച്ചേടത്തി.
അലുമിനിയം ബക്കറ്റിൽനിന്ന്, കുഴുതലുകൊണ്ട്
കോരി, കുനിഞ്ഞ് പാത്രത്തിലേക്ക്
ഉപ്പുമാവിട്ടു തരുന്ന മറിയച്ചേടത്തി.
ഹെഡ്മാസ്റ്റർ, ജോസ് മാഷിന്
കുട്ടൻനായരുടെ കടയിൽ നിന്നും ചായ
കൊണ്ടുവരുന്ന മറിയച്ചേടത്തി.

മരിച്ചു മണ്ണടിഞ്ഞിട്ട് ഏറെക്കാലം
കഴിഞ്ഞിരിക്കുന്നു.
കുടിച്ചു കൂത്താടി,കരളു തക4ന്ന
അവരുടെ മകൻ വറുതുണ്ണി പോലും
പെറ്റതള്ളയെ മറന്ന, ഇക്കാലത്ത്
ഇതെന്തു മറിമായം, മറിയച്ചേടത്തി
എന്റെ ഓർമ്മയിലേക്ക്
പൊടുന്നനെയെത്താൻ
എന്നു ഞാൻ ആശ്ചര്യപ്പെട്ടു.

എന്റെ മാതാപിതാക്കൾപ്പോലും
ഇങ്ങനെ കേറി വന്നില്ലല്ലോ
എന്നു ഖേദിച്ച്, കണ്ണു നിറഞ്ഞപ്പോൾ
പൂമുഖത്തെ ചുമരിൽ
മാലയിട്ടുവച്ച ഫോട്ടോകളിലേക്കുനോക്കി.
ഒരുവേള ഉപ്പുമാവു മണം പോയി
ചുണ്ടിൽ മുലപ്പാലിന്റെ മധുരം
തുടകളിൽ ചൂരൽപ്പാടിൽ നിന്നും നീറ്റം.
എന്റെ മറിയച്ചേടത്തി, എന്റെ മറിയച്ചേടത്തി
പരലോകത്തു നിങ്ങൾ സുഖമായിരിക്കട്ടെ
എന്ന്, ഉള്ളിലൊരു, ഇത് തേട്ടി.
എന്നിട്ടും ഇതെന്താണപ്പാ
ഒട്ടും നിനക്കാത്തനേരത്ത്
മറിയച്ചേടത്തിയുടെ ഈ വരവ്
എന്നൊരാന്തൽ ബാക്കി.

ഇതെന്താ, കണ്ണുനിറഞ്ഞതെന്ന്
മകൻ ചോദിച്ചപ്പോൾ
കരടു പോയതെന്ന് കള്ളം
പറഞ്ഞു, ഞാൻ.





# വെറുതെ പെയ്ത മഴ



സ്മിത സ്റ്റാൻലി

**പെ**യ്തൊഴിഞ്ഞ മഴയുടെ പ്രതികാരം പോലെ മുറ്റം നിറയെ ഇലകൾ നിറഞ്ഞു കിടക്കുന്നു. ജനാലഴിയിലൂടെ കടന്നു വരുന്ന മഴയുടെ കുളിരും പറ്റിയിരിക്കാൻ തന്നോടൊപ്പം കുറച്ചു നാളുകൾ മുൻപ് വരെ തന്റെ ശിവേട്ടൻ ഉണ്ടായിരുന്നു. ഇപ്പോൾ എന്തോ എല്ലാം ഒരു ദുഃസ്വപ്നം പോലെ തോന്നുന്നു . കാലം അസൂയയോടെ ആ സ്നേഹത്തെ തന്നിൽ നിന്നും അടർത്തി മാറ്റിയത് പോലും..

ഇടയ്ക്ക് വച്ച് ആ മനസ്സിൽ ചെറിയൊരു അകൽച്ച തന്നോട് വന്നത് പോലെ ഒരു തോന്നൽ. ആ സ്നേഹവും പരിഗണനയും ആയിരുന്നു ജീവിതത്തിൽ എല്ലാം. എന്നും രാവിലെ ശിവേട്ടനുമൊരുമിച്ച് അമ്പലത്തിൽ പോകുന്നത് പതിവ് ആണ്. രാമേട്ടന്റെ ചായക്കടയിൽ നിന്നും ഒരു ചായയും തിരികെ വരുമ്പോൾ വേറൊരു ശീലമാണ്. പോകുന്ന വഴി നീളെ ആളുകൾ ശ്രദ്ധിക്കുമ്പോൾ ഉള്ളിൽ ഒരു സന്തോഷം വന്നു കൂട് കൂട്ടും.ഒന്ന് കൂടെ അദ്ദേഹത്തിന്റെ അടുത്തേക്ക് ചേർന്നു നടക്കും.എന്നാൽ ആ പതിവെല്ലാം വെറും ഓർമയാകാൻ അധികം താമസം വന്നില്ല.

കഴിഞ്ഞ ഒരാഴ്ചയായി അദ്ദേഹം മൗനം തന്നെയായിരുന്നു.തന്റെ ജോലി കഴിഞ്ഞു ഒരുങ്ങും മുൻപേ ധൃതി കൂട്ടി ശിവേട്ടൻ അമ്പലത്തിൽ പോക്ക് തുടങ്ങി. തിരികെ വന്നാൽ ഭക്ഷണം പോലും കഴിക്കാതെ ഓഫീസിലേക്ക് പോകുവാൻ പതിവിലേറെ തിടുക്കവും. മുൻപൊരിക്കൽ കൂടെ പോയപ്പോൾ കണ്ണടച്ച് കുറെ നേരം തൊഴുന്നതു ശ്രദ്ധിച്ചു.. ഇതിനും മാത്രം ദുഖത്തോടെ നെഞ്ചുരുകിയുള്ള ആ നിൽപ്പ് കണ്ട് നോക്കിയപ്പോൾ അദ്ദേഹത്തിനത് അരോചകം ആയി കാണും. പിന്നീടുള്ള യാത്രകൾ എല്ലാമങ്ങോട്ട് തനിച്ചായിരുന്നു.

അദ്ദേഹത്തിനു തന്നോട് ഒന്നും മറക്കാൻ കാണില്ലെന്ന് വിശ്വസിക്കാനായിരുന്നു ആഗ്രഹം. എങ്കിലും ശിവേട്ടന്റെ ഉറ്റ സുഹൃത്ത് വിശ്വൻ വഴി പലതും അറിഞ്ഞു. ശിവേട്ടന്റെ ഓഫീസിൽ ജോലി ചെയ്യുന്ന സഹപ്രവർത്തകരിൽ ഏറെ തിളങ്ങി നിന്ന ഗൗരിയെ കുറിച്ചായിരുന്നു വിശ്വൻ കൂടുതൽ വ്യക്തമാക്കിയത് . അവൾക്ക് ശിവേട്ടനിൽ ഉള്ള സ്വാധീനം അത്ര വലുതായിരുന്നു. ഇത് വരെ കണ്ടിട്ട് പോലുമില്ലാത്ത ആ പെൺകുട്ടിയോട് തനിക്ക് എന്തെന്നില്ലാത്ത വെറുപ്പ് തോന്നി. വിവാഹിതനായ ഒരു പുരുഷനോട് ആവശ്യത്തിലേറെ അടുപ്പം കാണിക്കുന്നത് ഒരു നല്ല സ്ത്രീക്ക് ചേർന്നതാണോ!. ഒരിക്കലുമല്ല., തന്റെ മനസ് അങ്ങനെ തന്നെ പറഞ്ഞു.

അവൾ അദ്ദേഹത്തിനു വെറും സുഹൃത്ത് മാത്രം ആയിരുന്നില്ലത്രേ . ഇടക്കെപ്പോഴോ ഒരു യാത്രയിൽ ഉണ്ടായ സമാഗമത്തിൽ ഗൗരി പകർന്നു നൽകിയ സ്നേഹം അദ്ദേഹത്തെ അത്രയേറെ സ്വാധീനിച്ചിരുന്നു പോലും .അത് തനിക്ക് മനസിലായത് ഒരു വാഹനാപകടത്തിൽ ഗൗരി മരിച്ചുകഴിഞ്ഞപ്പോളായിരുന്നു എന്ന് മാത്രം..അതോടെ അദ്ദേഹം പൂർണമായും മാറി.

ഒരു കുഞ്ഞ് ഇല്ലാതെ പോയത് കൊണ്ടാകും ശിവേട്ടന് തന്നോട് അനിഷ്ടം ഉണ്ടായതെന്ന് ഇടയ്ക്കു മനസ് പറയുന്നു.അത് വെറും തോന്നൽ ആയിക്കൂടെ? വേറെ ഒരു കാരണം കണ്ടെത്താൻ കഴിഞ്ഞതേയില്ല.

ഗൗരിയുടെ മരണം അറിഞ്ഞു കഴിഞ്ഞ് അദ്ദേഹം കൂടുതൽ നിശബ്ദനായി. എല്ലാം അറിഞ്ഞിട്ടും ഒന്നും അറിയാത്ത പോലെ ഞാൻ നടന്നു. ആറു ദിവസത്തിനുള്ളിൽ അദ്ദേഹവും ഈ ലോകം വിട്ടു പോയി. അദ്ദേഹത്തിന്റെ മരണ കാരണം വിഷം ഉള്ളിൽ ചെന്നിട്ട് എന്ന് അറിഞ്ഞപ്പോൾ അന്തം വിട്ടു.പോയി. തന്നോടുള്ള സ്നേഹം പതിൻ മടങ്ങുണ്ടെന്ന തെറ്റായ ധാരണയെ തിരുത്താൻ ഉള്ള മടി ആയിരുന്നു അത്. ഒരു ആത്മഹത്യ, അതും ഈ മധ്യ വയസ്സിൽ എന്തിനെന്നു മാത്രം മനസിലായില്ല. ഒരു വാക്ക് പറഞ്ഞിരുന്നെങ്കിൽ എന്നേഒഴിഞ്ഞുപോകുമായിരുന്നു.അമ്പലത്തിൽ വച്ചു മനമുരുകി അദ്ദേഹം എന്തായിരിക്കും പ്രാർത്ഥിച്ചിട്ടുണ്ടാവുക എന്നത് വേറൊരു ചോദ്യമായി മാറി.

അദ്ദേഹം തന്നെ ജോലിത്തിരക്കിൽ മറന്നതല്ല എന്ന സത്യം ഉൾക്കൊള്ളാനാവോളം ശ്രമിച്ചുവെങ്കിലും ഇന്നും ശിവേട്ടൻ എന്റേത് മാത്രം എന്ന് ചിന്തിച്ചു. ഗൗരിയും ശിവേട്ടനും മരണത്തിൽ ഒന്ന് ചേരുമ്പോൾ താൻ ഇവിടെ അദ്ദേഹത്തിന്റെ വിധവ ആയി വിഡ്ഢി വേഷം കെട്ടുന്നു. ഇതൊന്നും ആരും അറിയണ്ട. കുട്ടികൾ ഇല്ലാത്ത ദുഃഖം തന്നെ മരണ കാരണം എന്ന് നാട്ടുകാർ വേറെ നിവൃത്തിയില്ലാതെ ഒന്നടങ്കം വിധിയെഴുതി. ആ വിധിയുടെ അർത്ഥശൂന്യത ഒരു പരിഹാസച്ചിരിയിൽ ആരും കാണാതെ ഒളിച്ചു വച്ചു.പക്ഷെ നേരെ ഇരിക്കുന്ന കണ്ണാടി പോലും ശൂന്യമായ ആ മുഖ ഭാവം കണ്ടു മൗനം പാലിച്ചു. വിഡ്ഢി വേഷം തനിക്ക് നന്നായി ചേരുന്നത് പോലെ കണ്ണാടിക്ക് പോലും തോന്നിയോ?. ●



# മരിച്ചു വീഴുന്ന രാത്രി



സെയ്തലവി വിളയൂർ

ചില ദിവസങ്ങളിൽ
രാത്രി വെറുതെ
നടക്കാനിറങ്ങും..
നിലാവിനെ പോലും
കൂടെക്കൂട്ടാതെ
നിഴലിനോട് പോലും
ഒരു വാക്കുരിയാതെ
കൂരാ കൂരിരുട്ടിൽ
ഒറ്റക്കൊരു നടത്തം..
അന്നേരം
അവിചാരിതമായി
ചില കാഴ്ച്ചകൾ കണ്ട്
രാത്രി ഭയക്കാറുണ്ട്..
ലജ്ജിച്ചു
മുഖം കുനിക്കാറുമുണ്ട്..
ചിന്തകൾ കൂടുവിട്ടു
എങ്ങോട്ടെന്നില്ലാതെ പറക്കാറുണ്ട്..
പകൽ മാന്യതകൾ പലതും
രാത്രി നഗ്നമാണ്..
പകലുദ്ധരിക്കും നാവുകൾ
ശീഘ്രസ്ഖലനത്താൽ
തളർന്നുറങ്ങുന്നു..

കാലി വയറുകളിൽ നിന്ന്
ഇനിയുമുറങ്ങിയിട്ടില്ലാത്ത
പാതിരാക്കോഴി നീട്ടിക്കൂവുന്നു..
നിദ്ര പടി കടന്നെത്തുന്നതും കാത്ത്
ഉമ്മറത്തു തന്നെ
ചിലരിരുപ്പുറപ്പിക്കുന്നു..
വിളിക്കാതെ വിരുന്നെത്തിയ
നിദ്രയെ ആട്ടിയകറ്റാൻ
പാടുപെടുന്നവർ..
കാഴ്ച്ചകളുടെ
ഏഴാനാകാശത്ത് നിന്ന്
തിരിച്ചിറങ്ങുമ്പോഴേക്കും
പകലിന്റെ കുത്തേറ്റ്
നടക്കാനിറങ്ങിയ
രാത്രിയും മരിച്ചു കഴിഞ്ഞിരിക്കും..

# മൗനമന്ത്രങ്ങൾ

ചരിത്രമേ നമുക്കിനി മൗനവത്മീകത്തിലുരുകി
നിഷാദാന്ധകാരത്തിലൊഴുകാം
പുരാണസങ്കീർത്തനം രചിക്കാം
വാല്മീകിയാകാം
യുഗാന്തരങ്ങളിൽ
പുനർജ്ജന്മങ്ങളാൽ വിമുക്തമാകാം
മന്ത്രങ്ങളിലഭിരമിക്കാം
സരയൂതന്നുറവ തിരയാം
ചോദ്യങ്ങൾക്കുത്തരം തേടാം...
രത്നാകരാ
നിന്റെ ലക്ഷ്യം കൈവരിച്ചുവോ
നീയരുതെന്നു ചൊല്ലിയതറിഞ്ഞുവോ
ഞങ്ങൾ!

ഗൗതമാ നിന്റെ മൗനബോധങ്ങളിൽ
ഗതകാലസ്മരണതൻ രാവിൽ വിതുമ്പുന്ന
കുഞ്ഞിന്റെ
മാറിൽത്തലോടുമൊരു പെണ്ണിന്റെ
നൊമ്പരം കണ്ടുവോ
മൃതിയുടെ സത്യം തിരഞ്ഞും
ജനിയുടെ ദുഃഖം കലർന്നൊരീറ്റില്ലത്തിൽ
മുളച്ച സംഘർഷവുമായ്



ഫൽഗുവിൽ മുങ്ങിയോ
ബുദ്ധം തെളിഞ്ഞുവോ ശുദ്ധനന്ദനാ
നിന്റെയേകാന്തയാത്രയിൽ
കണ്ടുവോ ദുഃഖത്തിനന്ത്യവും
ധർമ്മത്തിനാരംഭവും!

ശങ്കരാ നിന്റെ കാലിണകളിൽ
ചുറ്റിപ്പിണയും മൗനകാമങ്ങളെ
പഞ്ചഭൂതസഞ്ചിതനാം മുതലയെ
വിമോചനസൂക്തത്താൽ
മെരുക്കിയോ നീ?
പെരിയാറിൻ ഗതിമാറ്റി
അതീന്ദ്രിയധ്യാനം വരിച്ചതോ
ദ്വൈതങ്ങളെക്കാലടികളാൽ ജയിച്ചതോ
ജ്ഞാനപീഠത്തിൽ രമിച്ചതോ
ഭവാൻ ദിഗ്വിജയിയായതോ
ആദിശങ്കരാ, നിന്റെ നേട്ടം?

കാലം പഴംകഥയായതും
ഋതുക്കളഴിഞ്ഞുലഞ്ഞതും
നോക്കി ഞാനീ
വരണ്ട നദീതടത്തിലിരിക്കവേ
മൗനങ്ങൾ വാചാലമാകവേ
കണ്ടൂ സരയുവും ഫൽഗുവും
പെരിയാറും
പേരറിയാവേണികളായ്
നിഴലുകളായ്
നിസ്സംഗഗായത്രികൾ ചൊല്ലുന്നു
അശരണനാദമുതിർക്കുന്നു
പാദങ്ങളാൽ മൗനമുദ്രകളാടുന്നു
കാലത്തിൻ
നിയോഗം പോലെ
മാറ്റത്തിൻ ധ്വജം പോലെ...ഹ



ഡോ. അജയ് നാരായണൻ



# നഗരസന്ധ്യയിൽ

സായാഹ്ന വെയിൽച്ചില്ല വാടിമടങ്ങി,
രാവിൻ ഇരുൾക്കിളി പാറിത്തുടങ്ങി.
മദ്യചഷകം തുളുമ്പും നിറമാർന്നു-

തെരുവിളക്കെല്ലാം ലഹരി പകർന്നു!
മൗനം മറന്ന നഗര വഴിതോറും
ഉൻമാദം പൂണ്ടുജനം നുരയ്ക്കുന്നു.

ശകട ഗർജ്ജനങ്ങളും,പൊടിപടലങ്ങളും-
ഉടൽഭീതി തന്നു കടന്നുപോയീടുന്നു!
നടപ്പാത മോഷ്ടിച്ചു കച്ചവടങ്ങളോ,
നാട്ടുനടപ്പല്ലോ എത്രയോ കാലമായ്...?!

നടക്കുവാൻ നമ്മളിരക്കണം സൗമ്യമായി,
കടത്തിവിട്ടെന്നാൽ ഭാഗ്യമായാത്രകൾ

ഭക്ഷണശാല നിറഞ്ഞുകവിഞ്ഞല്ലോ...!
ഭക്ഷണമില്ലാത്തോർ തെരുവിലലയുന്നു
മാളുകളും, പലഹാളുകളും
നിറഞ്ഞാ-
ളുകൾ വല്ലാതെ തിക്കിത്തിരക്കുന്നു.

തെരുവുകൾ പലതായി താണ്ടി മുന്നേറവേ,
തിളക്കം കെടാത്ത മിഴിതാരുമായ് ചിലർ-
ചേഷ്ഠകളാൽ ചിലയിഷ്ടങ്ങൾ ചോദിച്ചു,
മുട്ടിയുരുമ്മിയെന്നെ കടന്നുപോയി!
രാവിൽ തഴയ്ക്കും കച്ചവടത്തിന്റ-
നോവിൽ സുഖം തേടിയെത്തും  തെരുവിതിൽ-
കണ്ണീർ, ചിരിക്കുന്നു; ചിരി മാഞ്ഞു കരയുന്നു...
വെള്ളിത്തിര രംഗമുള്ളിൽ പടരുന്നു

ലഹരി പകരുന്ന  നിയോൺ ദീപങ്ങളെ-

ലേശം മങ്ങീടുകെൻ കൺകൾ മടങ്ങട്ടെ



സുനിൽരാജ് സത്യ

# വിശപ്പ്



പി.ബി.രമാദേവി

തന്റെ പായപോലുള്ള വലിയ ചിറകുകൾ അകത്തിപ്പിടിച്ച് അതിർത്തിയിലെ പട്ടാളക്കാരനെപ്പോലെ ജാഗ്രതയോടെ തല ഉയർത്തി ഉണ്ടക്കണ്ണുകൾ കൊണ്ട് അവൻ ആ കുട്ടിയേയും ഫോട്ടോഗ്രാഫറേയും മാറി മാറി നോക്കിക്കൊണ്ടിരുന്നു. ഇടയ്ക്ക് ചുറ്റും ഒന്ന് കണ്ണോടിച്ച്, 'ഇല്ല, വേറെ ഒറ്റ ജീവികളും ഇല്ല. ആ കുട്ടിയും അയാളും മാത്രം ,' അവൻ മനസ്സിൽ പറഞ്ഞു.

സൂര്യൻ എന്തൊ വൈരാഗ്യം തീർക്കാൻ എന്നവണ്ണം മുമ്പില്ലാത്ത വിധം കത്തിജ്വലിക്കുന്നു. എല്ലിൻമേൽ തൊലിയൊട്ടിച്ച പോലെ മെലിഞ്ഞ ശരീരമുള്ള ആ കറുത്ത കുട്ടി ശരീരത്തേക്കാൾ വലിയ തന്റെ തല ആഫ്രിക്കയുടെ ചുട്ടുപൊള്ളുന്ന മണ്ണിൽ കുത്തി ഇരിക്കുന്നു. വിവസ്ത്രയായതിനാൽ സൂര്യരശ്മികളുടെ പതനം എളുപ്പമായി. പട്ടിണി കാരണം കുട്ടിയുടെ വയറും പുറവും ഒന്നായിരിക്കുന്നു!

കണ്ണിൽ നിന്നും ഇറ്റുവീഴാൻ പോലും ഒരു തുള്ളി വെള്ളമില്ല. കുട്ടി ഇടയ്ക്ക് അവനേയും ഫോട്ടോഗ്രാഫറേയും വളരെ പ്രയാസപ്പെട്ട് തല ചെരിച്ചുപിടിച്ച് നോക്കുവാൻ ശ്രമിക്കുന്നുണ്ട്. എന്നെ രക്ഷിക്കൂ... എന്ന് പറയാതെ പറയുന്നു. നിശബ്ദത നിറഞ്ഞ നിമിഷങ്ങൾ..........

'അയാൾ എന്നേയും കുട്ടിയേയും ഒറ്റ ഫ്രെയിമിൽ കിട്ടത്തക്ക വിധത്തിൽ ഫോട്ടോ എടുക്കുകയാണ്. കുട്ടിയെ എടുത്തു കൊണ്ടു പോകാതിരുന്നാൽ മതിയായിരുന്നു,' അ



വൻ അന്ത്മഗതം.

രണ്ടു നിമിഷം കഴിഞ്ഞ് അയാൾ വീണ്ടും ഫോട്ടോ എടുക്കുന്നതു കണ്ട് 'അയാളുടെ ഉദ്ദേശം എന്താണാവൊ?..... അയാൾ കുട്ടിയെ രക്ഷിച്ചാൽ ഞാൻ തോൽക്കും.'

ഈ സമയം ഫോട്ടോഗ്രാഫറുടെ കൂട്ടുകാരൻ ഹെലികോപ്ടറിൽ വന്ന് അയാളെ വിളിച്ചു. അയാൾ ഒരു നിമിഷം കുട്ടിയേയും അവനേയും നോക്കി. പിന്നെ ഒട്ടും താമസിച്ചില്ല, ഹെലികോപ്ടറിൽ കയറി പോയി. സ്വാർത്ഥനായ മനുഷ്യന് കിട്ടേണ്ടത് കിട്ടിയല്ലോ !

' ഹാവൂ!.... സമാധാനം. അയാൾ ജയിച്ചു. ഇനി ഞാൻ ജയിക്കാൻ പോകുന്നു," അവൻ ആരോടെന്നില്ലാതെ....

അവന് വിശപ്പ് കൂടിവന്നു. തന്റെ കൂർത്ത നഖങ്ങൾ ഒന്നുകൂടി മണ്ണിൽ ആഴ്ത്തി കുട്ടിയെത്തന്നെ നോക്കി ക്ഷമയോടെ ഇരിപ്പ് തുടർന്നു..... ഇടക്ക് ആരെങ്കിലും വരുന്നുണ്ടോ എന്ന് തല തിരിച്ച് നോക്കുന്നുണ്ട്.

സമയം ഏതാണ്ട് ഒരു മണിക്കൂർ കഴിഞ്ഞു. സൂര്യൻ നേരെ മുകളിൽ നിന്നും അല്പം നീങ്ങി എങ്കിലും കത്തിയെരിയുന്ന ചൂടിന് ഒട്ടും കുറവില്ല. കുട്ടിക്ക് ഇപ്പോൾ തല ചെരിക്കുവാനുള്ള ശക്തിയില്ല. ചെറുതായി വിറയ്ക്കുന്നു..... കണ്ണുകളാണെങ്കിൽ ഒരു നൂലിഴ കനത്തിനേ തുറക്കുന്നുള്ളൂ.

പിന്നേയും ഒന്നര മണിക്കൂർ ഒച്ചു വേഗത്തിൽ നീങ്ങി. കുട്ടി ഇപ്പോൾ വീണ് ചെരിഞ്ഞ് കിടക്കുന്നു.... ഒരിറ്റു വെള്ളത്തിനു വേണ്ടി വായ് അല്പം തുറക്കുന്നു.... പക്ഷെ, ആരു കൊടുക്കുന്നു! അവൻ അല്പം കൂടി അടുത്തുചെന്ന് സൂക്ഷിച്ചു നോക്കി. അടഞ്ഞ കണ്ണുകൾക്കുള്ളിൽ കൃഷ്ണമണി നീങ്ങുന്നുണ്ട്.... നേരിയ തോതിൽ ശ്വാസം എടുക്കുന്നുണ്ട്.... അടുത്ത നിമിഷം... കുട്ടിയുടെ നെഞ്ച് വലുതായി ഒന്ന് ഉയർന്നു താഴ്ന്നു....! കണ്ണുകൾ പാതി തുറന്നു... വായും തുറന്നു .... പിന്നെ അവ അടഞ്ഞില്ല!

ആർത്തിയോടു കൂടി അവൻ അടുത്തെത്തി കുട്ടിയെ കൊത്തിവലിക്കുവാൻ തുടങ്ങിയപ്പോൾ സ്വഗതം, 'ഒരു കഴുകനാണെങ്കിലും കൂടി എന്റെ മനസ്സിൽ എവിടെയൊ ഒരു തേങ്ങൽ. അയാൾക്ക് എന്നെ തോൽപ്പിക്കാമായിരുന്നില്ലെ! ദുഷ്ടൻ!' അപ്പോഴേക്കും ശവത്തിന്റെ മണം പിടിച്ച് മററു കഴുകന്മാർ കൂട്ടമായി എത്തി. പിന്നെ അവിടെ ഒരു ഉത്സവം തന്നെയായിരുന്നു..........

അരുൺ പേന താഴെ വെച്ചു. കഥ ഒരിക്കൽകൂടി വായിച്ച് തലക്കെട്ടുകൊടുത്തു. 'വിശപ്പ് '.

കവറിലാക്കി പോസ്റ്റു ചെയ്തു.

ദിവസങ്ങൾ കടന്നു പോയി.....ഒരു ദിവസം അരുണിന് ഒരറിയിപ്പു കിട്ടി, തന്റെ 'വിശപ്പ് ഈ വർഷത്തെ എം.കെ.പി. പുരസ്ക്കാരത്തിനായി തെരഞ്ഞെടുത്തിരിക്കുന്നു. ഒരു നിമിഷം സന്തോഷം തോന്നിയെങ്കിലും ഉള്ളിൽ ഒരു വിങ്ങൽ........

നിറഞ്ഞ സദസ്സിൽ വെച്ച് പുരസ്ക്കാരം വാങ്ങുമ്പോൾ അയാളുടെ മനസ്സിൽ രക്ഷയ്ക്കായി ദയനീയമായി നോക്കുന്ന ആ മൊട്ടച്ചിക്കുട്ടിയുടെ ചിത്രമായിരുന്നു. അയാളുടെ കണ്ണിൽ നിന്നും ഇറ്റുവീണ കണ്ണീർക്കണങ്ങൾ പ്രശസ്തിപത്രത്തെ ചെറുതായൊന്ന് നനച്ചു.







ഉണ്ണി വാരിയത്ത്

# ഉറക്കെ പറയുമ്പോൾ

ഇറ്റിറ്റു വീഴും മഴത്തുള്ളികൾതൻ സംഗീതം
ഇഷ്ടമായിരുന്നെനിക്കേതു കാലത്തും സഖീ
ഇറ്റിറ്റുവീഴും മിഴിനീർത്തുള്ളികൾക്കു പക്ഷെ
ഇല്ല സംഗീതം വെറും ഗദ്ഗദ ശ്രുതിമാത്രം
കാലവർഷത്തിൻ കുളിർകാറ്റെങ്ങോ മറഞ്ഞുപോയ്
കത്തിപ്പടരും ഗ്രീഷ്മമെന്നുള്ളിൽ കുടിയേറി
ഇലച്ചാർത്തുലയുമ്പോൾ നിൻ മൃദുസ്വനം കേൾക്കാം
അലയാത്തെത്തുമ്പോൾ നിൻ കാൽച്ചിലമ്പൊലി കേൾക്കാം
ഉറങ്ങിക്കിടന്നൊരെൻ കവിതാവാസനയെ
ഉണർത്തിവാക്കാൽ, നോക്കാ, ലെങ്കിലുമൊടുവിൽ നീ
ഉറക്കമില്ലാതാക്കി നിൻ പോക്കാലെന്ന സത്യം
ഉറക്കെ പറയുമ്പോ, ളെന്നോടു ക്ഷമിച്ചാലും!



സ്മിത പനിച്ചയം



# മൗനം ചിലപ്പോൾ ...

മൗനം ചിലപ്പോൾ
അടയ്ക്കാച്ചിരിപോലെ
കുടുമ്മി മാറ്റിയാൽ
നാലുപാടും,
ചിതറിത്തെറിക്കും

ചിലപ്പോൾ
അടുക്കളയിലെ
ഓടാമ്പലുകൾക്കിടയിലെ
കിരുകിരുപ്പായി മാറും

ശ്വാസകോശത്തിലെ
അർബുദമാകാനും
ശ്വാസവേഗത്തിലെ
ഉമിനീരാകാനും
അതിന് കഴിയും

സൗഗന്ധിക
സുഗന്ധം അതിന്റെ
ചിറകിനുണ്ട്

ഉത്തരമില്ലാത്തിടത്ത്
ഭോഷത്വവും
പലപ്പോഴും
ഭൂഷണവുമാകും...

ഈർച്ചവാളിന്റെ
പല്ലു പോലെ
സഹനത്തെ അത്
രാകിക്കൊണ്ടിരിക്കും

മുനിയുടെ മുഖവും
രാജാക്കന്മാരുടെ
പത്രാസും
ആട്ടിൻകുട്ടിയുടെ
ഒറ്റപ്പെടലും
അതിനുണ്ട്

നരിച്ചീറുപോൽ
മൗനം നിന്നെ
കാർന്നുതിന്നുമ്പോൾ
ആറടി മണ്ണിന്റെ
മൗനം ഈണമായി
ഇമകളെ
തലോടിയടയ്ക്കും ..

ചോണനുറുമ്പു പോലെ
ഒരു നിര
മൗനത്തിന്റെ മൂടുപടമിട്ട്
അതു കാണാനെത്തും

തിരിച്ചു പോകുന്ന
വഴിയിൽ
ചുളയിൽ നിന്ന്
കുരു തെറിക്കുന്ന പോലെ
മൗനം
തെറിച്ചു വീണ്
മുളയ്ക്കും ...

# മുറിയുന്നതെന്തിങ്ങനെ



ആർ.സജീവ്



കനലായിരുന്നു ഞാൻ
നിറയൗവനത്തിന്റെ പൊരുളായിരുന്നു നീ
അകലങ്ങളിൽനിന്നു സ്വപ്നങ്ങൾ തിന്നവേ
പൊടിയും വിയർപ്പും നയനങ്ങൾ മൂടവേ
അനിയന്ത്രിതം ഹൃദയനടനം
എന്നു ഞാനുറയുമ്പോൾ
പരിഹസിക്കരുത്...

ആകാശവീഥിയിലൂടെപ്പറന്നും
ആദിത്യനെത്തൊട്ടിടനെഞ്ചിൽ വച്ചും
ചടുലപദചലനവും തരളമിഴിയാട്ടവും
കനവുകളിലുയിരായി ഞാനേറ്റുവാങ്ങു-
മെന്നുരുകിയതിനപഹസിക്കരുത്...

യാത്രചോദിക്കാതെ പോകുന്നു ഞാൻ
യാതനകളെല്ലാമെടുക്കുന്നു ഞാ-
നെന്നു കവിത പെയ്തപ്പോൾ
നീയിരുന്നു ചിരിച്ചതും
നീറിയൊലിക്കും കണ്ണീർക്കണമായി
ഞാനങ്ങു വറ്റിപ്പോയതും...

എന്നെപ്പൂവെറിഞ്ഞു വിളിച്ചതല്ലേ
പുലരിയായി വിടർന്നതല്ലേ....?

# ചോദ്യങ്ങൾ



പരസ്പരം പറയാതെ
പതിരായ വാക്കുകൾ
കിനാക്കളെ തനിച്ചാക്കി
എവിടെയാണ്
പോയ് മറഞ്ഞത്?
ചോദ്യങ്ങൾ ഭാക്കി വച്ച്
യാത്ര പറഞ്ഞ
ഒരുപാടു നോവുകൾ
എങ്ങോട്ടാണ്
മറഞ്ഞത്?
ഓർമയുടെ
പെരുമഴയത്തും
മിഴികളിൽ ഒളിപ്പിച്ച
മേഘവുമായ്
നീ എന്താണ്
സ്വയം പറഞ്ഞത്?
മൗനത്തിന്റെ
ഏതു നിമിഷത്തിലാണ്
നെയ്ത്തിരിവിളക്കിന്റെ
വിശുദ്ധി പോലെ
നിന്റെ
കൺപീലികളിൽ
പ്രണയത്തിന്റെ
സൗന്ദര്യം
ദർശിച്ചത്
വഴിത്താരയിലെ
വെളിച്ചം
എന്നാണ്
ചുവടുകൾ മാറി
നമ്മുടെ കാഴ്ചയെ
തടവിലാക്കിയത്?
ഒരു തുണ്ടു സാഹിത്യത്തിന്റെ
മറവിൽ
ഞാനെന്റെ മനസിനെ
എവിടെയാണ്
ഒളിപ്പിക്കേണ്ടത്?
എന്തിനാണ്
എന്നെ തേടി
കവിതകൾ വന്നത്?

നൂൽ പൊട്ടിയ
പട്ടം പോലെ
പറന്ന ജീവിതങ്ങൾ
പറഞ്ഞ കഥകൾ
മേഘങ്ങളിൽ തട്ടി
നക്ഷത്രങ്ങളെ
വലം വെച്ച്
എങ്ങോട്ടാണ്
ഓടി പോയത്?
സങ്കടങ്ങളെ കലക്കി
കാർമേഘമായ
ഒരുപാടു ചോദ്യങ്ങൾ
എന്നാണ്
ആർത്തു പെയ്ത്
ഉത്തരങ്ങളെ തേടി
ജൻമത്തിന്റെ
ആഴങ്ങളിലേക്ക് ....



മഞ്ജു സുഭാഷ്